വേദപ്രചാര

മദ്ധ്യസ്ഥൻ



പുസ്തകം 7) ഡിസംബർ 1934. (ലക്കം 6.

LICENCE NO. 183.

വിഷയവിവരണിക.

1 മാർ തെയൊസപ്പിൻറെറജീവചരിത്രം (തുടർച്ച)
2 റോമായിലെ പ്രേതാലയങ്ങൾ.
3 സക്കാരിക്കള്ളിൽ (കവിത)
4 പുസ്തകാഭിപ്രായങ്ങൾ
5 അത്ഭുതങ്ങൾ
6 ദിവ്യകാരുണ്യം (തുടർച്ച)
7 സർവജാതീയ ദി. കാ. കോൺഗ്രസ്സ്
8 ഏലത്തോട്ടത്തിലെ ഏലിയാമ്മ (മെറക ഥ)
9 ജപ അ. സഖ്യം.
10 കുറിപ്പുകൾ
11 ഉപകാരസ്മരണകൾ
12 കൂച്ചേരിക്കായ്യം
13 പരസ്യങ്ങൾ
14 പഞ്ചാംഗം

വിജ്ഞാപനം

ചങ്ങനാശേരി പറേൽപള്ളിയിലെ അമലോത്ഭവമാതാവിൻെറ തിരുനാൾ പതിവുപോലെ ഇക്കൊല്ലവും ഡിസംബർ 8-ാം നു- അത്ഭുതപൂർവമായ ആഡംബരങ്ങളോടുകൂടി ആഘോഷിക്കുന്നതാണു്. തലേദിവസമായ ഡിസംബർ 7-ാം നു- ഉച്ചകഴിഞ്ഞു വി. കുർബാനയുടെ രാജോചിതമായ പ്രദക്ഷിണവും പതിവുള്ള റോസ്പരമുതലായ തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കും.

N. B. ഈ അവസരത്തിൽ കുമ്പസാരിച്ചു ശു. കുർബാന കൈക്കൊണ്ടു തിരുനാൾദിവസം ഈ പള്ളി സന്ദർശിച്ചു ശു. മാർപ്പാപ്പായുടെ നിയോഗപ്രകാരം അപേക്ഷിക്കുന്നവർക്കു പൂർണ്ണദണ്ഡവിമോചനം സിദ്ധിക്കാവുന്നതാണു്.

"സുകൃതഭണ്ഡാരം"


പരിഷ്കരിച്ചു രണ്ടാം പതിപ്പു്.

കൂടുതലായി പലജപങ്ങളും കൂട്ടിച്ചേർത്തു്, ആദ്യത്തേതിൽ ഇരട്ടി വലിപ്പത്തിൽ അച്ചടിച്ച തയാറായിരിക്കുന്നു. കാലിക്കോബയണ്ടിനു് വില 1 അണ. കൂടാതെ പൊരോക്കോ തുല്യലായിഡ് ഇനബയണ്ടുകളിലും

വില്പാൻ തയാറുണ്ടു്.

അപേക്ഷിക്കേണ്ടതു മേൽവിലാസം

I. മാനേജർ	2 മാനേജർ
മദ്ധ്യസ്ഥൻ ബുക്ഡിപ്പോ	വിറ്റിൽഫ്രൗവ്വർ കത്തോലിക്കു സ്റ്റാം
ചങ്ങനാശേരി	& സ്റ്റേഷനറിക്കു് ഡപോ, മാന്നാനം





"അത്യുന്നതങ്ങളിൽ ദൈവത്തിന്നു സ്തുതിയും ഭൂമിയിൽ
നന്മനസ്സുള്ളവർക്കു സമാധാനവും."

മദ്ധ്യസ്ഥൻ.

പുസ്തകം ൭ | ഫെബ്രുവരി ഡിസംബർ | ലക്കം ൪

മഹാത്മാവായ മാർയൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ൨൬ (തുടർച്ച)

൪. പരിഹാസം. യൌസേപ്പു ഏകനായി ജീവിച്ചിരുന്നതു പട്ടണത്തിൽ പലതരത്തിലുള്ള സംസാരങ്ങൾക്കു കാരണമായിത്തീർന്നു. മറിയം ഉത്താവിനോടു പിണങ്ങി എവിടെയോ പോയിരിക്കുകയാണു്, യൌസേപ്പു മറിയത്തെ ഉപേക്ഷിച്ചുകളഞ്ഞിരിക്കുകയാണു്; എന്നുംമറ്റും ഓരോക്രൂട്ടർ പറയുവാൻതുടങ്ങി. കുറ്റംമുഴുവൻ യൌസേപ്പിൽ സ്ഥാപിച്ചു് ചിലരും, മറിയത്തിൽ സ്ഥാപിച്ചു് മറ്റുചിലരും വിമർശനം നടത്തിയിരുന്നു. ഇപ്രകാരമുള്ള പരിഹാസങ്ങളൊക്കെയും യൌസേപ്പു വളരെ ക്ഷമയോടെ സഹിച്ചതല്ലാതെ, ആരോടും എതുത്തു് സംസാരിക്കുകയോ കോപിക്കുകയോ ചെയ്തിരുന്നില്ല. എങ്കിലും മറിയത്തെ കുറ്റപ്പെടുത്തി ആരെങ്കിലും സംസാരിച്ചാൽ യൌസേപ്പു വലിയ വ്യസനം കാണിക്കുകയും, സംസാരത്തിൽ സൂക്ഷിക്കണം അല്ലെങ്കിൽ ദൈവം കോപിക്കുംഎന്നുംമറ്റും ഉത്തരമായി പറയുകയുംമാത്രം ചെയ്തിരുന്നു.

൫. പ്രാർത്ഥന. മരണാവസ്ഥയിലുംപ്പെട്ടിരിക്കുന്നവർക്കു വേണ്ടി ദിവസത്തിൽ പലപ്രാവശ്യം യൌസേപ്പു് തന്റെ ഏകാന്തവാസക്കാലത്തു് പ്രാർത്ഥിച്ചിരുന്നു. പാപത്തിന്മേൽ യഥാർത്ഥമായി മനസ്താപപ്പെട്ടു് പിശാചിന്റെ സർവ്വപരീക്ഷകളുംതള്ളിക്കളഞ്ഞു് നല്ലമരണം പ്രാപിക്കുന്നതിനു യൌസേപ്പിന്റെ ജപതപോധർമ്മങ്ങളും പലർക്കും ഉപകാരപ്പെട്ടു. മരണാസന്നന്മാരെ വി. യൌസേപ്പു് ഇപ്രകാരം സഹായിച്ചിരുന്നതു ദൈവത്തെ വളരെ പ്രസാദിപ്പിച്ചു.

റോമായിലെ പ്രേതാലയങ്ങൾ

(റവ. എൽ. ജെ. ചിറ്റൂർ. റോമാ)

അന്തർഭൗമറോമ, പാതാളഗേഹങ്ങൾ, പ്രേതാലയങ്ങൾ എന്നെല്ലാം നാം 'കാററക്കോംസ്' എന്ന പദം തർജ്ജമചെയ്യുന്നു. റോമായിലും അതിന്റെ സമീപപ്രദേശങ്ങളിലും ഭൂമിക്കടിയിൽക്കൂടി അന്തമില്ലാതെയുള്ള ചില വഴികൾക്കാണ് ഈ പേരു പറഞ്ഞുവരുന്നതു്. ചിലപ്പോൾ ഈ വഴികൾ മൂന്നും നാലും നിലകളിൽ കാണാൻ സാധ്യമാണു്. തറയിൽ നിന്നു് നൂറടിവരെ താഴ്ചയുള്ള വഴികൾ ഉണ്ടു്. നമ്മുടെ ഇപ്പോഴത്തെ 'സിമിത്തേരി'കളുടെ സ്ഥാനമാണു് ഇവയ്ക്കുണ്ടായിരുന്നതു്. മതപീഡകരെ ഭയന്നു് ക്രിസ്ത്യാനികൾ ഒളിച്ചോടിയ വഴിയും ഇതുതന്നെയായിരുന്നു. മാത്രമല്ലാ, മതത്തിനുവേണ്ടി രക്തം ചൊരിഞ്ഞവരുടെ ശരീരം മറവുചെയ്യുന്നതും ഈ സിമിത്തേരികളിൽ ആയിരുന്നു. വഴിയുടെ രണ്ടുവശത്തും ഒരു മനുഷ്യശരീരം സ്ഥാപിക്കാൻ വേണ്ട നീളംവീതിയിൽ ഭിത്തിയിൽ സ്ഥലം ഉണ്ടാക്കിയിരുന്നു. മൂന്നാം ശതാബ്ദത്തിൽ റോമയിലുണ്ടായിരുന്ന ഇരുപത്താറു ഇടവകകളുടെ വകയായി ഇരുപത്താറു പ്രധാന പ്രേതാലയങ്ങൾ ഉണ്ടു്. ഇതുകൂടാതെ ഇരുപതോളം ചെറുസിമിത്തേരികളും കാണാം. ഈ വഴികളിൽ ഇപ്പോൾ പരിശോധന നടത്തിക്കഴിഞ്ഞിട്ടു് ഇവയുടെ ദൈർഘ്യം നൂറൻപതു മൈൽദൂരമാണെന്നു് (ഇറലിയുടെനീളത്തിൽ പകുതി) കണ്ടെരിക്കുന്നു. റോമൻനിയമമനുസരിച്ചു സിമിത്തേരികൾ പ്രത്യേകം സംരക്ഷിക്കപ്പെടേണ്ട സ്ഥലമായിരുന്നു. പരസ്യമായി സമ്മേളിക്കുന്നതിനു നിവൃത്തിയില്ലാതെ വന്നപ്പോൾ ക്രിസ്ത്യാനികൾ സിമിത്തേരികളിൽക്കൂടി തിരുക്കർമ്മങ്ങൾ നടത്തിയതിന്റെ കാരണം ഇതാണു്.

റോമായിലെ ആദ്യക്രിസ്ത്യാനികളുടെ പ്രധാന വിശ്രമസ്ഥലം ഈ സിമിത്തേരികൾ ആയിരുന്നു. അവർ മാമ്മോദീസാ സ്വീകരിച്ചതും, വിശ്വാസത്തിലും സ്നേഹത്തിലും വർദ്ധിച്ചതും അവിടെവച്ചാണു്. അവർ വി. കുർബാന സ്വീകരിച്ചതു് അവിടെയാണു്. അവസാനമായി അവരുടെ ശരീരം സൂക്ഷിക്കുന്നതും അവിടെത്തന്നെ. വൈദികരെ അഭിഷേകംചെയ്തു് സഭയുടെ നിലനില്പിനു് വേണ്ടവ ചെയ്യുന്നതും അിടെത്തന്നെ. വിശ്വാസികളുടെ വിവാഹം നടത്തിയസ്ഥലവും അതുതന്നെ. അനേകർ പ്രാർത്ഥനയുടെ ഐക്യതയിൽ യോജിച്ചു ചെറുകപ്പേളകൾ അവിടെയുണ്ടായിരുന്നു. സഭയ്ക്കും സത്യത്തിനുംവേണ്ടി ജീവനേപ്പോലും ബലികഴിക്കുന്നതിനുള്ള ധൈര്യം അവർ സമ്പാദിച്ചതും അവിടെവ

ച്ചുതന്നെ. രക്തസാക്ഷിത്വത്തിന്റെ വായുവാണ് അവർ ശ്വസിച്ചതു്. അന്ധകാരം, അതു് മരിച്ചവരുടെ പട്ടണമാണെന്നു കാണിച്ചു. എന്നാൽ വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും ജീവൻ അവിടെ കളിയാടിയിരുന്നു. പീഡനകാലാനന്തരം ക്രൈസ്തവപരിഷ്ക്കാരമായി തഴച്ചുവളർന്ന ആ മരത്തിന്റെ ബീജാവാപം നടന്നതു് പ്രസ്തുത പ്രേതാലയങ്ങളിലായിരുന്നു.

അവരുടെ അന്നത്തെ ചിത്രവേലകളും കലാശകലങ്ങളും ഇന്നു നമ്മുടെ വിശ്വാസത്തിന്റെ അഭിമാന സ്തംഭങ്ങളായിരിക്കുന്നു. അതേ, വിശ്വാസരഹസ്യങ്ങളിൽ അവക്കുണ്ടായിരുന്ന ബഹുമതിയെ അവ തെളിയിക്കുന്നു. അനുദിനം, അവരുടെ പിതാക്കന്മാരോ, ഭാര്യമാരോ, സഹോദരന്മാരോ, നീചമാംവിധം വധിക്കപ്പെടുന്നതായി അവർ കണ്ടിരുന്നുവെങ്കിലും ക്രൂരതയുടെ മൂർദ്ധന്യദശ അവർക്കു ദൃഷ്ടിഗോചരമായിരുന്നെങ്കിലും പരസ്നേഹം അവരിൽ ജ്വലിച്ചു. ആ ഭിത്തികളിൽ വൈരാഗ്യത്തിന്റെയും കോപത്തിന്റെയും ലക്ഷ്യമായ ഒറ്റ വാക്കുപോലും നാം കണ്ടെന്നില്ല. ക്ഷമയുടെയും ശാന്തയുടേയും ലക്ഷ്യങ്ങളും മാത്രമേ നമ്മുടെ നയനങ്ങൾക്കു വിഷയമാകുന്നുള്ളൂ. സ്വർഗ്ഗത്തിലേക്കു് കണ്ണുകൾ ഉയർത്തി പ്രാർത്ഥിക്കുന്ന ആളുകളുടെ ചിത്രം അവിടെ നമുക്കു കാണാം. കാണാതെപോയ ആടിനെ കണ്ടെത്തി, തോളിലേന്തിക്കൊണ്ടു് മടങ്ങുന്ന നല്ലിടയൻ ഒരിടത്തു്; കുസുമങ്ങളുടേയും ഫലങ്ങളുടേയും മദ്ധ്യ പഴയനിയമത്തിലേയോ, പുതിയനിയമത്തിലേയോ സംഭവങ്ങളും അവിടെ ചിത്രീകരിച്ചിരിക്കുന്നു; ജലപ്രളയത്തിൽനിന്നു് രക്ഷപ്പെട്ടന്ന നോഹ പെട്ടിയിൽ അങ്ങനെ; പാറയിൽനിന്നു് വെള്ളം പുറപ്പെടുവിക്കുന്ന മോശ; കഷ്ടതയുടെ പാരമ്യത്തിൽ എത്തിയ യോബു്; കാനായിലെ കല്യാണം; വർദ്ധിക്കപ്പെട്ട അപ്പം; കല്ലറയിൽനിന്നു് ഉയർത്തുവരുന്ന ലാസറസ്; ഇവയെല്ലാം സവ്യത ചിത്രീകരിച്ചിട്ടുണ്ടു്.

പിൽകാലങ്ങളിൽ അനേകം വിശുദ്ധർ ഈ പ്രേതാലയങ്ങളും സന്ദർശിക്കയും, അവിടെ പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ടു്. മധ്യശതാബ്ദങ്ങളിൽ തീർത്ഥയാത്രക്കാർ സന്ദർശിച്ചിരുന്ന ഏകാലയം വി. സെബസ്ത്യാനോസിന്റേതാണു്. റോമായെ വലിയ വാസന്തയിൽനിന്നു രക്ഷിച്ചവനും പിന്നീടു അമ്പോറു മരണമടയായ്കയാൽ വൻതടികൊണ്ടുള്ള പ്രഹരമേറുജീവൻ വെടിഞ്ഞവനുമായ വി. സെബസ്ത്യാനോസിന്റെ ശരീരംഇന്നും ഇവിടെസൂക്ഷിച്ചുപോരുന്നു. വി. പത്രോസിന്റെ തിരുശ്ശരീരം കുറേ വർഷക്കാലം ഇവിടെ സൂക്ഷിക്കപ്പെട്ടിരുന്നതായാണു് പാരമ്പര്യം. നിത്യസത്യങ്ങളിൽ വിശ്വാസമുറപ്പിക്കുന്നതിനായി, താൻ തിരുനാൾദിവസങ്ങളിൽ ഈ പ്രേതാലയം സന്ദർശിച്ചിരുന്നുഎന്നു് വി. ജെറോം പറയു

ന്നു. വി. ബ്രജീത്താ, വി. കത്രീനാ മുതലായി പലരും ഇവിടെയെത്തി പ്രാർത്ഥിച്ചിട്ടുണ്ട്. വി. സെബസ്ത്യാനോസിന്റെ തിരുനാളിന്റെ തലേരാത്രി മുഴുവൻ വി. ചാൾസ് ബൊറോമിയോ, ഈ സ്ഥലത്തു പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. വി. ഫിലിപ്പുനേരി സാധാരണമായി ഈ സ്ഥലം സന്ദർശിക്കയും ഇവിടെ പ്രാർത്ഥിക്കയും ചെയ്തിരുന്നു. ഇന്നും തീർത്ഥകർ ഇവിടെ പ്രത്യേകതിക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ഇവിടെശരീരം അടക്കംചെയ്തിരിക്കുന്ന വിശുദ്ധരുടെ മദ്ധ്യസ്ഥത അപേക്ഷിക്കുകയും ചെയ്യുന്നു.

*സക്രാരിക്കുള്ളിൽ

മുട്ടത്തു വക്കി. ജൂനിയർ ബി. എ. ക്ലാസ്സ്.

(മാകന്ദമന്ത്രജരി)

താരകാജാലത്തെനല്ലശരദ്ദ്യോവിൽ
വാരിവിതറുന്നതമ്പുരാന്റെ
കോമളശിഷ്ത്തിലുണ്ടൊരുൾമുടി;
താമരപ്പൂവിൻദളങ്ങളല്ല.

കാലിത്തൊഴുത്തിലാരാജകുമാരിയാൾ
താലോലിച്ചമ്മവരിഷ്ഠോരാ
പൂംകവിൾരണ്ടിലുംശോണകണഗണ--
മങ്ങിങ്ങായിററിറകാൺമാനുണ്ട്;

മാധവമാസത്തിൽമിന്നുംസുമങ്ങൾക്കു
മാർദ്ദവമേകുന്നകൈകൾരണ്ടും;
കുട്ടിയാപ്പാരമാംപ്രേമത്താലയ്യയ്യോ!
കെട്ടപ്പെട്ടേററംതളർന്നിട്ടുണ്ട്;

---

* ക്രിസ്തുവിന്റെ രാജത്വത്തിരുനാൾപ്രമാണിച്ചു് രാജശ്രീ എ. പി.ലിപ്പോസ് എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ സെൻറ് ബർക്ക്മാൻസ് കോളേജിൽ കൂടിയ മഹായോഗത്തിൽ വായിച്ചതു്.

നല്ലസുഗന്ധംവിളങ്ങുംവിലയേറെ
തൈലത്താൽപാപിയാംമഗ്ദലേന
പൂശിത്തൻകാർക്കുന്തൽകൊണ്ടതുടച്ചിട്ട-
ങ്ങാശയാചുംബിച്ചപാദങ്ങളുണ്ടും

ക്രൂരന്മൗന്ത്രീള്ളാരിരുമ്പാണിയാൽഹന്ത!
ചേർന്നുംതുളഞ്ഞുമുറിഞ്ഞിട്ടുണ്ട്
ഈവിധമെന്നുള്ളിൽപള്ളികൊള്ളുന്നോരെൻ
ജീവദനായുള്ളുദേവദേവൻ,

പത്മത്തത്തന്നെയുംസൂര്യനെത്തന്നെയും
നിർമ്മിച്ചോരാദ്യരോമൽകന്യാസുതൻ,
ഗോൽഗൽതൻശാലയിൽവന്നുപിറന്നോരു
മോക്ഷദനാകുന്നക്രിസ്തുരാജൻ,

വാഴുന്നുണ്ടിന്നുഹാ!വേറൊരുപൂൽക്കൂട്ടിൽ
താഴെയാക്കൊച്ചുസക്രാരിക്കുള്ളിൽ!
നാഥനാണെങ്കിലുംരാജാവാണെങ്കിലും
ബന്ധിതനാണെൻറപ്രാണേശ്വരൻ;

സുന്ദരനിർജ്ജരവന്ദിതനെങ്കിലും
നിന്ദിതനാണെൻറുരാജരാജൻ;
സന്തതമാനന്ദമൂർത്തിതാനെങ്കിലും
സന്തപ്തനാണെൻറവിശ്വേശ്വരൻ;

എങ്കിലുംതിങ്കളൊളിപോൽപൂമുഞ്ചിരി
തൂകുന്നുണ്ടാദിവ്യപ്രേമംവീണ്ടും
ശാന്തമായീശോപറയുന്നിതാകേൾക്കാം
ശാന്തിദമാകുമാഗിതാമൃതം,-

കാന്താരംതന്നിലജപാലൻമന്ദമാ
യ്തൂമാടൽക്കുഴൽനാദംപോലെ
''ഓമനേ!യെൻരക്തംകൊണ്ടുജീവിക്കുന്ന
കോമളനാകുമെൻതങ്കമല്ലേ!
അല്പാനിക്കേണ്ടനീ,ഭാരംചുമക്കേണ്ട
ബുദ്ധിമുട്ടേണ്ട,കരഞ്ഞിടേണ്ട;

പോരുകെന്നോമനേ!യെന്മടിതന്നിൽനീ
പോരുക!പോരുക!പൊന്മകനെ!

ആശ്വസിപ്പിക്കാംഞാൻനിന്നെയനന്തമായ്
ആശ്വസിപ്പിക്കാംനിഖേദിക്കേണ്ട".
ഏവംപകലിരവോതിയുമാനന്ദ-
പാവനമൂർത്തിയാമേശുരാജൻ

ദുഃഖാബ്ധിതന്നിലുഴലുന്നമർത്ത്യക്കായ്
തൃക്കൈകൾരണ്ടുമേനീട്ടിക്കൊണ്ടും
വാഴ്ത്തുണ്ടിന്നുംഹാ! വേറൊരുപുൽക്കൂട്ടിൽ
താഴെയാക്കൊച്ചുസക്രാരിക്കുള്ളിൽ!

പുസ്തകാഭിപ്രായങ്ങൾ.

വേദപുസ്തകം പഴയനിയമം

"പഞ്ചഗ്രന്ഥി"

(അഥവാ സൃഷ്ടി, പുറപ്പാട്, ആചാര്യന്മാർ, സംഖ്യ, നിയമാവർത്തനം, എന്നീ മൂശയുടെ അഞ്ചുഗ്രന്ഥങ്ങൾ.)

സെൻറ് ജോസഫ് പ്രസ്സ്. മാന്നാനം.

പഴയനിയമത്തിലെ ആദ്യത്തെ അഞ്ചുപുസ്തകങ്ങളും മൂശ എഴുതിയിട്ടുള്ളതാണല്ലൊ. ഈ അഞ്ചുപുസ്തകത്തിനുംകൂടി ഗ്രീക്കുഭാഷയിൽ ഉപയോഗിച്ചുവരുന്ന "പെൻടാട്ടക്ക്" എന്ന പേരിനെയാണ് പഞ്ചഗ്രന്ഥി എന്ന മലയാളത്തിൽ തർജ്ജമചെയ്തിരിക്കുന്നതു്. കേരളീയകൈമ്മേലീത്താസഭയാൽ നിയുക്തമായിരിക്കുന്ന വിവർത്തകസംഘം ഈ പഞ്ചഗ്രന്ഥിയിലെ ആദ്യത്തെ നാലുപുസ്തകങ്ങളും മലയാളത്തിൽ വിവർത്തനംചെയ്തിട്ടുള്ള വിവരം വായനക്കാർക്ക് അറിയാമല്ലൊ ഇപ്പോഴിതാ ആസംഘം അഞ്ചാമത്തെ പുസ്തകമായ "നിയമാവർത്തന"വുംപരിഭാഷപ്പെടുത്തി മലയാളവായനക്കാർക്കു പ്രദാനംചെയ്തിരിക്കുന്നു. വേദപുസ്തകവിവർത്തനം അതിമഹത്തരമായ ഒരു ജോലിയാണെന്നുള്ളതു് ഓർമ്മിക്കുമ്പോൾ ഓരോപുസ്തകവും പ്രസിദ്ധപ്പെടുത്തുന്നതിനുണ്ടാകുന്ന കാലതാമസം ക്ഷന്തവ്യമായിത്തോന്നുന്നു എന്നു പറയാനില്ല. ഈ വിവർത്തകസംഘത്തിൽ പ്രാമുഖ്യംവഹിക്കുന്ന ക. നി. മൂ. സ. ബ. ഏമ്മാനുവേലച്ചൻ തന്റെ ജീവിതോദ്ദേശ്യം പ്രസ്തുത മഹൽകൃത്യനിർവ്വഹണത്തിനായി സമർപ്പിച്ചിരിക്കുന്നു എന്നുകാണുന്നതിനാൽ മല

യാളഭാഷാഭിമാനികളും വിശിഷ്യ കേരളീയകത്തോലിക്കരും അദ്ദേഹത്തോട് വളരെയധികം കടപ്പെട്ടിട്ടുണ്ട്.

ഓരോന്നായിപ്രസിദ്ധീകരിച്ചിട്ടുള്ള ഈ പുസ്തകം അഞ്ചുംകൂടി ഒരൊറ്റപുസ്തകമായി രൂപീകരിച്ചിട്ടുള്ളതും അത്യുത്തമവും കൂടുതൽ സൗകര്യപ്രദവുമായിരിക്കുന്നു. ഈ പഞ്ചഗ്രന്ഥിക്കു വിശേഷവിധിയായി പൊതുവേ എഴുതിച്ചേർത്തിരിക്കുന്ന മുഖവുരസമുചിതവും വിജ്ഞാനപ്രദവുംതന്നെ. വിവർത്തകന്മാർ അവശ്യം അനുസരിക്കേണ്ടിവന്നാചില രീതിഭേദങ്ങളെക്കുറിച്ചു പ്രസ്താവിച്ചതിന്റെ ശേഷം മുഖവുരയിൽ വേദപുസ്തകത്തിന്റെ ഏറ്റവും പുരാതനപരിഭാഷകളിലൊന്നും ആധുനികവേദപുസ്തക വിമർശകന്മാരാൽ "വിവർത്തനരത്നം" (The Queen of Versions) എന്നുപ്രകീർത്തിതവുമായ "പ്ശീത്താ" എന്ന പ്രസിദ്ധിയേറിയ സുറിയാനിപരിഭാഷയുടെ പ്രാധാന്യത്തെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. മുഖവുരയുടെ ഈഭാഗം വിവർത്തകന്മാർ ഉപയോഗിച്ചിരിക്കുന്ന മൂലഗ്രന്ഥത്തിന്റെ ഉൽകൃഷ്ടത മലയാളവായനക്കാർക്കു സുഗ്രഹമാകുന്നതിനു ഏറ്റവും ഉപകരിക്കുന്നതുതന്നെ

മാതൃഭാഷയിൽ ഈവിധം സമുത്ഭവിച്ചിരിക്കുന്ന ഈ പഞ്ചഗ്രന്ഥിക്കു എല്ലാ കേരളീയകത്തോലിക്കു കുടുംബങ്ങളിലെങ്കിലും പ്രവേശനം കൊടുത്തു് നമ്മുടെ ഈ വിവർത്തകന്മാരെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു് ഞങ്ങൾ ഒരിക്കൽകൂടി ഏറ്റംശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

വേദപാഠഹാജർബുക്കു്.

—o—

വേദപാഠക്ലാസ്സുകളിലെ ഉപയോഗത്തിനായി പ്രത്യേകവിധത്തിൽ രൂപം ചെയ്തു് തയാറാക്കിയിട്ടുള്ള വേദപാഠഹാജർബുക്കു് വില്പനക്കു തയാറുണ്ടു്.

മദ്ധ്യ. ബുക്ക്ഡിപ്പോ
ചങ്ങനാശേരി.

'ഇരുപതാം നൂറ്റാണ്ടിലോ കത്തോലിക്കാമതം?'

ഗ്രന്ഥകർത്താ, എം. പി. പോൾ എം. എ.

കത്തോലിക്കാമതം മൃഢവിശ്വാസധാമമെന്നും, യുക്തിക്കും ആധുനികശാസ്ത്രാഭിപുഷ്ടിക്കും ഒരുവിധത്തിലും യോജിക്കുന്നതല്ലെന്നും ശഠിക്കുന്നവർക്ക് ഒരു സമീചീനമായ പ്രത്യൗഷധമാണ് മി. എം. പി. പോൾ കേരളീയജനസമക്ഷം അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം. ലൗകികോദ്ദേശസംസ്ഥാപിതയല്ലെങ്കിലും കത്തോലിക്കാസ്സഭയോളം ലോകാഭിവൃദ്ധിക്ക് ഉപകരിച്ചിട്ടുള്ള ഒരു സ്ഥാപനം വേറെയില്ലെന്ന് അവളുടെ ഇന്നുവരെയുള്ള ചരിത്രം മതിയായ ഒരു തെളിവാണ്. ഈ മഹനീയ സ്ഥാപനത്തെപ്പറ്റിയുള്ള അനേകം ദുർധാരണകളെ നിരസ്സിക്കുന്നതിനു് ഇപ്പുസ്തകം തികച്ചും പര്യാപ്തമാണ്. ഭുവനപ്രസിദ്ധസാഹിത്യകാരനായ ഹില്ലയർബെല്ലോക്കാണ് ഇതിന്റെ മൂലഗ്രന്ഥകാരൻ. പ്രസിദ്ധ പണ്ഡിതനായ ഡോക്ടർ പി. ജെ. തോമ്മസ്സിന്റെ അവതാരികയും കൂടിയ ഇഗ്രന്ഥത്തിനും തൽകർത്താവിനും ഞങ്ങളുടെ സകലഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു. ഏകദേശം 200 പേജുകളോളം ഉള്ള ഈ കൃതിക്ക് വില ൪ ണ മാത്രം.

മേൽവിലാസം.

മാനേജർ, മാർഷ്യലിസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം.

'മാതാവും പൈതലും'

ഗ്രന്ഥകർത്താ, എൻ. എക്സ്. കുഞ്ഞൻ ബി. എ. ബി. എൽ.

വില അണ 2

(രാജ്യാഭിമാനിപ്രസ്സ് ആലപ്പുഴ)

"ശ്രീയേശുവിജയ"ത്തിന്റെ അവതാരികയിൽ കവിതിലകൻ ഉള്ളൂർ അഭിപ്രായപ്പെട്ടതുപോലെ ക്രിസ്ത്യാനികളുടെ ഇന്നിയത്തെ ഒരാവശ്യം വേദപുസ്തകകഥകളെ ആസ്പദമാക്കിയുള്ള ഖണ്ഡകൃതികളാണ്. ഏതാട്ടശമായ ഗാഥാരീതിയിലുള്ള ഒരു ഖണ്ഡകാവ്യമാണ് "മാതാവും പൈതലും' എന്നുള്ള ഈ ഗ്രന്ഥം. സർവലോകാരാധ്യനായ ഉണ്ണിമിശിഹായെ കൈയിലെടുത്തുകൊണ്ടു നിൽക്കുന്ന മാതാവിന്റെ ഒരു ചിത്രത്തെ അധികരിച്ചു് ഒരു ഹൈന്ദവാദർശപുരുഷനായ ശ്രീരാമകൃഷ്ണപരമഹംസൻ എഴുതിയ ഒരു വിവരണമാണ് ഈ ഗ്രന്ഥം എഴുതാൻ ഏതൽകർത്താവിനെ പ്രേരിപ്പിച്ചതു് എന്നതു് ശ്രദ്ധാർഹമാണ്. 'സോദരവിലാപം' മൂലം സഹൃദയശ്രദ്ധയെ ആകർഷിച്ചിട്ടുള്ള മി. കുഞ്ഞന്റെ ഈ കൃതിയും സ്വവാസനയുടെ ഒരു ഉത്തമോദാഹരണമാണ്. മാന്യജനങ്ങൾ യഥാശക്തി പ്രോത്സാഹനം നൽകുമെന്നു വിശ്വസിക്കുന്നു.

അത്ഭുതങ്ങൾ.

(പെ. ബ. പയ്യനാട്ട് യൗസേപ്പു ക.)

നാമാൻ

അയാൾ വളരെ സമ്പൽസമൃദ്ധിയോട്കൂടിയവനായിരുന്നു. സ്വാധീനബലമുള്ളവനും ധീരനുമായിരുന്നു. സ്വഭാവത്തിനു ശക്തിയും ബുദ്ധിക്കു തെളിച്ചവും ആത്മവിശ്വാസവുംകൊണ്ടു പ്രകൃതി അയാളെ അനുഗ്രഹിച്ചിരുന്നു. ഉന്നതങ്ങളായ വിചാരങ്ങളും വികാരങ്ങളുംഅയാളുടെ മനസ്സിനെ സാധാരണ സന്ദർശനംകഴിക്കാറുണ്ടായിരുന്നു. അയാൾ ആശ്രിതവത്സലനും പരോപകാരതല്പരനും ഖിന്നതാശ്വാസപ്രദനുമായിരുന്നു. സാധുജനാനുകമ്പമൂലം പൊതുജനപ്രീതിക്കു പാത്രീഭൂതനുമായിരുന്നു.

അയാൾക്കു ഒരു വലുതായ ഉദ്യോഗം ഉണ്ടായിരുന്നു. അയാൾ സിറിയായിലെ സർവ്വസൈന്യാധിപനായിരുന്നു. ഇത്ര കാരുണ്യശീലനും ഔദാര്യനിധിയുമായി ഒരുവനെ ഞാനിതേവരെ കണ്ടിട്ടില്ല, എന്നു പ്രശംസാപാത്രം ഇയാളെ സംബന്ധിച്ചു, ഓരോരുത്തരും മാതൃഭാവിൽ രേഖപ്പെടുത്തി അവരുടെ അന്തരംഗത്തിൽ നിറഞ്ഞുകവിഞ്ഞ കൃതജ്ഞതയെ പ്രകടിപ്പിച്ചിരുന്നു. സ്ത്രൈര്യമുള്ള ആകൃതിയും വിനയമധുരമായ സ്വഭാവവും ഗാംഭീര്യസമന്വിതമായ സൗന്ദര്യവും മനസ്സിനെ ഹഠാൽ അപഹരണംചെയ്യുന്ന മുഖകാന്തിയും അയാൾക്കു ജന്മസിദ്ധമായിരുന്നു.

കിന്തു; അയാളെ ചാക്ഷുഷമായി പ്രത്യക്ഷീകരിക്കുന്ന ഒരാൾക്കു് അയാളുടെ ഹൃത്തടത്തിൽ അവാച്യമായ ഏതോ ഒരു ശോകഭാരം സഞ്ചാപിപ്പിക്കുന്നതായി കാണപ്പെട്ടിരുന്നു. സന്തോഷോന്മേഷത്തോട്ടു കൂടിയിരുന്ന അയാളുടെമുഖം വിവർണ്ണമായും അയാളുടെ ആകൃപ്പാടെയുള്ളഭാവം ഗ്ലാനിയോട്കൂടിയതായും കാണപ്പെട്ടിരുന്നു. അയാളിൽ വളർന്നുനിന്നിരുന്ന ആശാതരുവിന്റെ വേരിനെ വിഛേദനംചെയ്യുന്ന ആ ക്ലേശഭാരം എന്തായിരിക്കാം? അതിദുസ്സഹമായ ഒരു രോഗം അദ്ദേഹത്തെ തന്റെ പാട്ടിലാക്കിയിരുന്നു. അതേ, കുഷ്ഠമെന്ന മഹാവ്യാധി അദ്ദേഹത്തെ ഗ്രസിച്ചിരുന്നു; തന്മൂലം അയാളുടെഭാവി ശ്രേയസ്സുരമല്ലായിരുന്നു. കാലാന്തരത്തിൽ മഹനീയമായ തന്റെ ഉദ്യോഗം ഒഴിഞ്ഞു് വീട്ടിൽ വിശ്രമിക്കാതിരിപ്പാൻ നിവൃത്തിയില്ലായിരുന്നു. അയാളുടെ സഹധർമ്മിണിയും ശോകാവേശയായി ദിനരാത്രങ്ങളെ യാപനംചെയ്തിരുന്നു.

അവർക്കു ദാസിയായിട്ടു് ഒരു ഇസ്രായേൽക്കാരിയുണ്ടായിരുന്നു. അവൾ സ്വസ്വാമിനിയോട്ട വചിച്ചു:-"എന്റെ യജമാനൻ നിവ്യായോട്

ക്രുടെയായിരുന്നെങ്കിൽ, അദ്ദേഹം കുഷ്ഠരോഗംസുഖപ്പെട്ടുത്തുമായിരുന്നു."

തദ്ദാസിയുടെ വചനശ്രവണമാത്രയിൽ നാമാന്റെ ജായക്കുണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. തൽക്ഷണം സ്വകണവനികടവർത്തിയായി ദാസിയുടെ സന്ദേശത്തെ അയാളെ നിവേദിപ്പിച്ചു. അദ്ദേഹത്തിന്റെ ദാസെരന്മാരെയും കുതിരകളെയും രഥങ്ങളെയും ഒട്ടധികം ഉപഹാരങ്ങളെയും സംഭരിക്കുന്നതിൽ അവൾ അതി താല്പര്യംപ്രദർശിപ്പിച്ചു. വളരെ വിലപിടിച്ച സമ്മാനങ്ങൾ ആവശ്യംതന്നെയെന്ന് നാമാനും വിചാരിച്ചു. സമയം നഷ്ടപ്പെടുത്തുന്നതു യോഗ്യതയല്ലെന്നു വിചാരിച്ചു് നാമാൻ സ്വാശ്രിതാനുഗതനായി നിവ്യായുടെ വസതിക്കടുത്തു്, തന്റെ അപേക്ഷയോടുകൂടി ഒരു ദൂതനെ നിവ്യായുടെ അഭ്യർണ്ണത്തിലേക്കയച്ചു നിവ്യാ വചിച്ചു:-നിപോയി, നിന്റെ യജമാനനോടു ഏഴുപ്രാവശ്യം, യോർദനാനിൽ കുളിക്കണം, അപ്പോൾ സുഖം ലഭ്യമാകും; എന്നുപറക.

നിവ്യായുടെ കല്പന ഒട്ടുംതന്നെ സുഖപ്രദമല്ലെന്നു നാമാന്റെ ഗാഢചിന്താമുദ്രിതവും ഗൌരവപൂർണ്ണവുമായ മുഖം പ്രത്യക്ഷപ്പെടുത്തി. അയാളുടെ ഹൃദയം അമിതരോഷംകൊണ്ടു് പ്രചലിതമായി. എന്തുകൊണ്ടു നിവ്യാ വെളിക്കു് വന്നു് നാമാന്റെ മുമ്പിൽ പ്രത്യുപാവനിരതനാകാഞ്ഞതു്? അദ്ദേഹത്തിനു തദ്വിധമുള്ള മഹാന്മാരെ സുഖപ്പെടുത്തുന്നതിനുള്ള അവസരം ഉർല്ലഭമല്ലെ. നിവ്യാവലോകനേശ്ചയാൽ പ്രേരിതനായ നാമാനെ നിവ്യാ നീരസത്തോടു കരിതേച്ചു് ദംഷ്ടവുംവച്ചു് സമ്മാനിക്കയാണു് ചെയ്തതെന്നതന്നെ നാമാൻ തീർച്ചപ്പെടുത്തി. അയാൾ പറഞ്ഞു:-യോർദ്ദനാന്റെ കലക്കവെള്ളത്തിൽ ക്ഷാളനം ചെയ്യുന്നതിന്റെ ഉദ്ദേശമെന്തു് ? ഡമാസ്കിൽ നിർമ്മലമായ നദികളും ധാരാളമുണ്ടു്. ഈ വിധത്തിലായിരുന്നൊ അദ്ദേഹം എന്നോടു പെരുമാറേണ്ടിയിരുന്നതു്. യോർദനാന്റെ ജലം സിദ്ധൌഷധംതന്നെയോ? അവിടെ ക്ഷാളനം ചെയ്യുന്നവരിലും കുഷ്ഠവ്യാധി ഞാൻ കണ്ടിട്ടുണ്ടല്ലൊ.?

നാമാൻ വീട്ടിലേക്കുതന്നെ പോകാൻ നിശ്ചയംചെയ്തു. അയാളുടെ ജാതാമർഷരുധിരകപോലനായി ഉദിരണം ചെയ്തു;-അയാൾ എന്റെ പക്കലേക്കു ഇറങ്ങിവരുമെന്നും തന്റെ ദൈവത്തിന്റെ നാമത്തിൽ എന്റെ ദേഹത്തിൽ സ്പർശനംചെയ്തു് എന്റെ സുഖക്കേടു് ശമിപ്പിക്കുമെന്നും ഞാൻ വിചാരിച്ചു. എന്നാറെ ഈ വിധത്തിലാണല്ലൊ പ്രവർത്തിച്ചതു്.

കലക്കവെള്ളത്തിൽ കുളിക്കണം. ഡമാസ്ക്കുസിലെ നദികളായ അബനായും ഫർഹാവും ഇസ്രായേലിലെ നദികളെല്ലാവറെയുംകാൾ നല്ലവയല്ലയോ? എനിക്കു് അവയിൽ കുളിക്കരുതോ?.....എന്നാൽ നാമാൻ ആശ്രിതവത്സലനായിരുന്നു. അയാളുടെ ഭൃത്യഗണം പിതാ

വെ എന്നു് അയാളെ വിളിച്ചിരുന്നു. അവർ അയാളോടു ഉപദേശം പറഞ്ഞു:-.നിവ്യാ, വലിയകാര്യങ്ങൾ ചെയ്യണമെന്നു് അങ്ങയോടു പറഞ്ഞിരുന്നെങ്കിൽ, അങ്ങു് അതിൻപ്രകാരം പ്രവർത്തിക്കുമായിരുന്നു.

എന്നാൽ അദ്ദേഹം ഒരു നിസ്സാരകാര്യംമാത്രം പറഞ്ഞു. കുളിക്കുക എന്നാൽ സുഖംപ്രാപിക്കുമെന്നു മാത്രം. എത്ര നിസ്സാരകാര്യം! ഫലം വലിയതല്ലേ. പല ഭിഷഗ്വരന്മാരും സുഖപ്പെടുത്താത്ത രോഗം സുഖപ്പെടുമെന്നല്ലേ വാഗ്ദാനം. അയാൾ സ്വല്പനേരം ചിന്താഗ്രസ്തനായി. അയാളുടെ ചിന്തകളുടെ ശക്തിയും ഘനവും വർദ്ധിച്ചു. അവർ ഐകകണ്ഠ്യേന വചിച്ചതു ന്യായമെന്നതന്നെ വിധിച്ചു. യോർദ്ദനാനിൽ ഏഴപ്രാവശ്യം ക്ഷാളനം നടത്തി. അയാളുടെ കുഷ്ഠരോഗം അയാളെ വിട്ടുപിരിഞ്ഞു. അയാളുടെ മാംസം ഒരു കുട്ടിയുടെ മാംസംപോലെ ആയിപരിണമിച്ചു. അയാൾ സന്തോഷാധിക്യത്താൽ മതിമറന്നവനായി. ഉടനേ ഗൃഹാഗതനായി സ്വസഹധർമ്മിണിയെ ഈ വാർത്ത അറിയിക്കണമെന്നു നിശ്ചയം ചെയ്തുകഴിഞ്ഞു. ആ ഇസ്രായേൽക്കാരി ദാസിക്കും നല്ല സമ്മാനം കൊടുപ്പാൻ തീർച്ചചെയ്തു.

അയാൾക്കു ശരീരസുഖം മാത്രമല്ല ലഭ്യമായ്തു്; ദൈവം അയാൾക്കു വിശ്വാസവും കൊടുത്തു. വിനയസമന്വിതം നിവ്യായുടെ മുമ്പിൽ സ്തുതനായി വചിച്ചു. "ഇസ്രായേലിലല്ലാതെ ഇഹത്തിൽ വേറെ ദൈവമില്ലെന്നു സത്യമായിട്ടു ഞാനറിയുന്നു."

അത്ഭുതപ്രവൃത്തികളും; വിശ്വാസം, ശരണം, ഉപവി, ഇവകളിലേക്കു വഴിതെളിക്കുന്നു. അവയേ ദൃഢീകരിക്കുന്നു. നാമാനു ലഭ്യമായ ഉപകാരത്തിനായിട്ടായാൾ നിവ്യായുടെനേരേ കൃതജ്ഞതപ്രകടിപ്പിക്കാതെ സ്വഗൃഹത്തിലേക്കു പോയ്ക്കളയുമോ? ഒരിക്കലുമില്ല. നിവ്യായുടെപക്കലേക്കു കാഴ്ചദ്രവ്യങ്ങളുംകൊണ്ടുവന്നു. നിവ്യാവാഗ്ദത്തം സ്വീകരിക്കുമോ? ഇല്ല. അദ്ദേഹത്തിനങ്ങനെതന്നെ ആവശ്യമില്ല. നാമാന്റെ വ്യാധി സുഖപ്പെടുത്തിയതു താനാണെന്നു അദ്ദേഹത്തിനഭിപ്രായമില്ല. താൻ സമ്മാനം ആഗ്രഹിച്ചു് യാതൊന്നുംചെയ്തിട്ടില്ല.

ഹാ! അദ്ദേഹം എത്രയോ ബോധജ്ഞാനി! എത്രയോപരിശുദ്ധൻ! നിവ്യാ സമ്മാനം സ്വീകരിക്കാതിരുന്നതു അദ്ദേഹത്തിന്റെ ഭൃത്യനായ ഗിയേസിക്കു തുപ്തിയായോ? ഇല്ല.

എത്ര വിസ്തിതം? എത്ര മനക്കടി? കിട്ടിയതു കളഞ്ഞില്ലേ? വൃഥായാണോ? സുഖപ്പെടുത്തിയിട്ടല്ലെ? നാമാൻ ധനവാനല്ലേ! എത്രമാത്രം ദ്രവ്യം വേണമെങ്കിലും അയാൾക്കു ചെലവാക്കരുതോ? അയാൾക്കതിനു മനസ്സുമുണ്ടു. ഹാ! കഷ്ടം!. ഇങ്ങനെയൊരുവരം എനിക്കു ലഭിച്ചിരുന്നുവെങ്കിൽ, എത്ര കുബേരനാകാമായിരുന്നു! അദ്ദേഹത്തിനൊ

ന്നും ആവശ്യമില്ലെങ്കിൽ എനിക്കു വാങ്ങിച്ചു തരുന്നതോ? ഞാൻ കുടുംബഭാര മുള്ളവനല്ലേ. കിട്ടാൻപാടുള്ളതു ഉപേക്ഷിക്കുന്നതു മൂഢത്വമല്ലെ. ഇങ്ങനെയുള്ളവരെ സേവിക്കുന്നതു് എന്തിനു്? എന്റെ യജമാനനേപ്പോലെയുള്ളവരുടെ സേവാധർമ്മംകൊണ്ടെന്തു ഫലം? ഒരുപക്ഷേ അദ്ദേഹം കോപിച്ചേക്കുമായിരിക്കും. എന്നാലെന്തു്? കാലക്ഷേപത്തിനു മാർഗ്ഗമുണ്ടെങ്കിൽ അന്യരുടെ കോപംകൊണ്ടെന്തു? കൊറിനു വകയില്ലാത്തവൻ ഭയപ്പെടണം. നിവ്യാ കോപിക്കട്ടെ. ഇനി അദ്ദേഹത്തിന്റെ പിറകേ നടക്കേണ്ട ആവശ്യമില്ലല്ലോ. ദ്രവ്യേണ സർവ്വേവശാഃ എന്നല്ലേ പറയപ്പെട്ടിരുന്നതും. അദ്ദേഹത്തിനൊന്നിനും ആവശ്യമില്ലെങ്കിൽ വിശ്വസ്തതയോടെ സ്നേഹിക്കുന്ന എനിക്കു വാങ്ങിച്ചു തരുന്നതോ? എന്നോടു പ്രീതിയുണ്ടെങ്കിൽ അങ്ങനെ ചെയ്യേണ്ടതാണു്. അദ്ദേഹത്തിനു് എന്നോടു സ്നേഹമില്ല. സ്നേഹമില്ലാത്തവനെ ഭയന്നിട്ടെന്താവശ്യം? സാക്ഷാത്തായ സ്നേഹത്തിൽനിന്നാണല്ലോ ഭയമുണ്ടാകേണ്ടതു?

എത്രവന്നാലും തരുകയില്ല. ഞാൻ നാമാന്റെ പിന്നാലെ എത്തി എന്റെ യജമാനനു കൂടെ സമ്മാനങ്ങളും ആവശ്യമുണ്ടെന്നായാളെ ധരിപ്പിച്ചു്, ഞാൻ കുറെയെല്ലാം സ്വായത്തമാക്കും. നിവ്യായുടെ ഭൃത്യനായ ഗിയേസിയുടെ ബോധത്തിൽ തദ്ധിതവും തദധികവുമായ വിചാരങ്ങളും ഉദയംചെയ്തു് നടനംതുടങ്ങി. അവൻ നാമാനെ പിന്തുടർന്നു, അയാളും നാമാനെ പ്രത്യക്ഷീകരിച്ചു് ഈഷന്നാമിതനായിപ്പറഞ്ഞു. എന്റെ യജമാനൻ എന്നെ ഭവാന്റെ പക്കലേക്കയച്ചിരിക്കുന്നു. എഫ്രേമിൽനിന്നു നിവ്യായുടെ രണ്ടു തനയന്മാർ അത്ര ആഗതരായിരിക്കുന്നു. അവർക്കു താലത്തും വസ്ത്രങ്ങളും കൊടുക്കേണ്ടിയിരിക്കുന്നു. ഗിയേസി ആവശ്യപ്പെട്ടതും അതിലധികവും നാമാൻ അവനു കൊടുത്തു. അവകൊണ്ടുപോയി തന്റെ ഭവനത്തിൽ നിക്ഷേപിച്ചശേഷം സൂസ്മേരവദനനായി നിവ്യായുടെ സമീപ്യപ്രാപ്തനായി. നിവ്യാ വചിച്ചു. ആ മനുഷ്യൻ രഥത്തിൽനിന്നിറങ്ങി നിന്നെക്കാൺമാൻ വന്നപ്പോൾ, എന്റെ ഹൃദയം അവിടെയില്ലായിരുന്നോ? നീ ഇപ്പോൾ പണവും വസ്ത്രവും സ്വീകരിച്ചിരിക്കുന്നു. നിനക്കു തോട്ടങ്ങളും ആട്ടമാട്ടകളും അടിമകളും വാങ്ങിച്ചു് സമ്പത്തുള്ളവനാകാം.—എന്നാൽ നാമാന്റെ കുഷ്ഠം നിന്റെയും നിന്റെ സന്തതിയുടേയുംകൂടെ എന്നേക്കും വസിക്കട്ടെ.

ഓ! നിവ്യായുടെ കഠിനവചനങ്ങളും!!. അനുനിമിഷം ഗിയേസി മഞ്ഞിനേപ്പോലെ ശ്വേതവർണ്ണനായി കുഷ്ഠരോഗിയായി ഭവനത്തിലേക്കു പിന്തിരിഞ്ഞു.

* ദിവ്യകാരുണ്യം.

(F. C.)

ദിവ്യപൂജയിൽനിന്ന് ഉത്ഭൂതമാകുന്ന അനവധി നന്മകളിൽ ചിലതാണ് മേലുദ്ധരിച്ചതു്. ഇവയേപ്പറ്റി ഗാഢമായി ചിന്തിക്കുന്ന ഏവനും ദിവ്യകാരുണ്യസ്ഥാപനത്തിൽ ദിവ്യരക്ഷകൻ കാണിക്കുന്ന സ്നേഹവും നൽകിയ ദാനവും എത്ര വലുതാണെന്നു ഗ്രഹിക്കുവാൻ പാടുണ്ടു്. എന്നാൽ ദിവ്യരക്ഷകന്റെ ആഗ്രഹം നിറവേറണമെങ്കിൽ നാം ദിവ്യപൂജയെ ക്രൂതജ്ഞതയായി മതിക്കയും സ്നേഹിക്കയും അവസരം കിട്ടുമ്പോഴെല്ലാം അതിൽ സംബന്ധിക്കയും ചെയ്യണം. പൂജാസമയത്തു ഹൃദയവിശുദ്ധിയോടും നിഷ്കപടഭക്തിയോടും യഥാർത്ഥമായ പരസ്നേഹത്തോടും സകലനീതിയുടേയും കിരീടമായ ദൈവസ്നേഹത്തോടും വിനയത്തോടുംകൂടി ദൈവസന്നിധിയിൽ നിൽക്കുവാൻ ശ്രമിക്കണം. കർത്താവിന്റെ കഷ്ടാനുഭവവും മരണവും ദിവ്യബലിയിൽ ആവർത്തിക്കുന്നതിനാൽ സ്വർഗ്ഗത്തോടുംമുതൽ ഗാഗുൽത്തായിലെ കല്ലറവരെ നടന്ന പീഡാനുഭവസംഭവങ്ങളെല്ലാം ഓരോന്നായി ഓർത്തുധ്യാനിച്ചുകൊണ്ടും ഉത്തമനസ്താപപ്രകരണം ചെയ്തുകൊണ്ടും കർത്താവിനുവേണ്ടിയും നീതിയേപ്രതിയും പാടുപെടുന്നതിനും മരിക്കുന്നതിനും സന്നദ്ധത പ്രതിജ്ഞ ചെയ്തുകൊണ്ടും ദൈവാനുഗ്രഹം പ്രാപ്തിച്ചുകൊണ്ടും പൂജാസമയം ചെലവഴിക്കണം. കർത്താവു നമുക്കായി നിരന്തരം ബലി അണയ്ക്കപ്പെടുന്നു. നാമും കർത്താവിന്റെ സ്നേഹത്തേപ്രതി പീഡകളും ദീനങ്ങളും പ്രതികൂലസംഭവങ്ങളും നിന്ദാപമാനങ്ങളും ക്ഷമാപൂർവ്വം സഹിച്ചുകൊണ്ടു് നമ്മെത്തന്നെ മിശിഹായ്ക്കു ബലികളാക്കണം. അപ്പോൾ മാത്രമെ ശ്ലീഹാപറയുന്നതുപോലെ മിശിഹായുടെ പീഡകളിൽ ചേരാതെയുള്ള ഭാഗം സഭയാകുന്ന തന്റെ ശരീരത്തിനുവേണ്ടി നാം പൂർത്തിയാക്കുകയുള്ളു. അപ്പോൾ മാത്രമേ മിശിഹായുടെ തിരുക്കായങ്ങളെ നാം നമ്മുടെ ആത്മശരീരത്തിനുള്ളിൽ ധരിക്കയുള്ളു. അപ്പോൾ മാത്രമേ നാം ദൈവസന്നിധിയിൽ സ്വീകാര്യവും പരിശുദ്ധവും ജീവനുള്ളതുമായ ബലിയായി തീരുകയുള്ളു.

ദിവ്യകാരുണ്യസ്ഥാപനത്തിലുള്ള ന. രക്ഷകന്റെ രണ്ടാമത്തെ ഉദ്ദേശം തന്റെ തിരുശരീരവും രക്തവും നാം ഉൾക്കൊള്ളുകയും അതുവഴിയായി തന്റെ ആത്മീയജീവൻ നമുക്കു ലഭിക്കയും നാം തന്നിലും താൻ

---

* ഫ്രൻസ്വ സെപ്റ്റംബർലക്കത്തിൽ നിന്നും തുടർച്ച.

നമ്മിലുമായി ജീവിക്കയും ചെയ്യുക എന്നതായിരുന്നു. ഇതു് ഒരു നിസ്സാര മായ ആഗ്രഹമല്ല. സാധാരണ കല്പനയുമല്ല. നിത്യരക്ഷ പ്രാപിക്കണ മെങ്കിൽ ഈ രഹസ്യം വിവരിക്കയും ഈ ദിവ്യ അപ്പം ഭക്ഷിക്കയുംചെ യ്യണമെന്നു് മിശിഹാ നിർബന്ധമായി കല്പിക്കുന്നു. വിശ്വസിക്കാൻ മന സ്സില്ലാത്തവരോടു താൻ ഒരു ദയയും കാണിച്ചില്ല. മഹാരഹസ്യമായ ഈ ക്രൂശായുടെ മുമ്പിൽ ശിശുസഹജമായ വിശ്വാസത്തോടും പരമാത്മ യോടും ഏറ്റം വലിയ സ്നേഹത്തോടും വിനയവണക്കങ്ങളോടുംകൂടെ നാം അടുക്കണമെന്നു് താൻ ആഗ്രഹിക്കുന്നു. തള്ളമാർ മക്കൾ ക്കു് ഭക്ഷണം തയ്യാറാക്കിയ ശേഷം അവരെ ക്ഷണിക്കുന്നതുപോലെ സ്നേ ഹസ്വരൂപനായ നമ്മുടെ രക്ഷകൻ അത്ഭുതരൂപേണ തന്നെത്തന്നെ നമ്മുടെ യാവനയാക്കിത്തീർത്തശേഷം നമ്മെ ക്ഷണിക്കുന്നു. തന്നെ നാം ഉം ക്കൊള്ളണമെന്നു് ഉപദേശിക്കുന്നു. നിത്യശിക്ഷാവിധിയിൻകീഴ് കല്പി ക്കുന്നു. ശരീരയാവനയേക്കാൾ ഇതിനെ കൃഷ്ടമലായി ആഗ്രഹിക്കയും ഭക്ഷിക്കയും ചെയ്യുവാൻ ഉപദേശിക്കുന്നു. ദിവ്യകാരുണ്യഅപ്പത്തിന്റെ സാദൃശ്യം മാത്രമായിരുന്ന ഇസ്രായേൽ ജനത്തിന്റെ പ്രതിദിനഭോജന മായ മന്നാ. എന്നാൽ സ്വാഭാവികജീവനെ സംരക്ഷിച്ചുകൊണ്ടുപോക യ്യുന്നതിനു് എല്ലാദിവസവും ദൈവം തന്റെ ജനത്തിനു് അതു് ആകാശ ത്തിൽ നിന്നു് വർഷിച്ചു കൊടുത്തു. ഇപ്രകാരവും ഇതിലും ഉപരിയായിട്ടും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനവും സ്വർഗ്ഗരാജ്യത്തിന്റെ പ്രജക ളും, സ്വർഗ്ഗവാകാശികളും മിശിഹായുടെ കൂട്ടവകാശികളുമായ എല്ലാക്രൈസ്തവ നികൾക്കും പ്രതിദിനാത്മീയഭോജനമായിട്ടത്രെ സ്വർഗ്ഗത്തിൽനിന്നും കൊ ണ്ടുവന്ന നിസ്തുല്യമായ ഈ ദിവ്യകാരുണ്യമന്നാ എല്ലായിടത്തും സുലഭ മാക്കിത്തീർത്തിരിക്കുന്നതു്.

ദിവ്യരക്ഷകൻ പൊല്ലിക്കൊടുത്തു് തന്റെ ശിഷ്യരെ പഠിപ്പിച്ച കർത്തൃപ്രാർത്ഥനയിൽ അന്നന്നയപ്പം സ്വർഗ്ഗീയപിതാവിനോടു നാം അ പേക്ഷിക്കണമെന്നു ഉപദേശിച്ചിരിക്കുന്നു. എന്നാൽ നമ്മുടെ ശാരീരിക ജീവസന്ധാരണത്തേക്കാൾ ഏറ്റം ശ്രേഷ്ഠമായ ആത്മീയ ജീവസംരക്ഷണ വും നിത്യരക്ഷയും പുണ്യപൂർണ്ണതയും നമ്മുടെ കർത്താവിന്റെ മനുഷ്യാ വതാരംതുടങ്ങിയുള്ള സകല പ്രവൃത്തികളുടേയും പരമാന്തമായിരിക്കെ ഇതിനു ഏറ്റം പവ്യാപ്തമായ ദിവ്യകാരുണ്യഅപ്പം നാം എത്രയോ അധി കം ഉൽക്കണ്ഠയോടുകൂടി അന്വേഷിക്കുകയും ലഭിക്കുമ്പോഴെല്ലാം ഭക്ഷി ക്കയും ചെയ്യേണ്ടതാണു്.

വീണ്ടും ദിവ്യകാരുണ്യനാഥൻ, തന്നെ മുന്തിരിച്ചെടിയോടും നമ്മെ അതിന്റെ ശിഖരങ്ങളോടും ഉപമിച്ചുകൊണ്ടു്, ശിഖരങ്ങൾ തായിത്ത

ണ്ടിനോട്ട യോജിച്ചുനിൽക്കുമ്പോൾ അനവധി ഫലങ്ങൾ പുറപ്പെട്ടുകയും, യോജിക്കാതെ വേർതിരിഞ്ഞുനിൽക്കുമ്പോൾ ഫലംചെയ്യാതിരിക്കയുംചെയ്യുന്നതുപോലെ, ശിഖരങ്ങളായ നാമും തായിത്തണ്ടായ അങ്ങയോട്ട യോജിച്ചു് തന്നിൽ വസിച്ചാൽമാത്രമേ നിത്യായുസ്സിനുപകരിക്കുന്ന ഫലം ചെയ്‌വാൻ സാധിക്കയുള്ളു, എന്നു് അരുളിച്ചെയ്യുന്നു. വേറൊരിടത്തു ഈ രക്ഷകൻതന്നെ പറയുന്നു "ആരു് എന്റെ ശരീരം ഭക്ഷിക്കുകയും എന്റെരക്തം പാനം ചെയ്കയും ചെയ്യുന്നുവോ അവൻ എന്നിലുംഞാൻ അവനിലും വസിക്കുന്നു." ഇതിനാൽ ദിവ്യകാരുണ്യസ്വീകരണംവഴിയായി തന്നിൽ വസിക്കുമ്പോൾ നാം ഫലംചെയ്യും; എന്നാൽ മുന്തിരിയുടെ ശിഖരങ്ങളിലേക്കു് തായിത്തണ്ടിൽനിന്നും ജീവജലം തുടർച്ചയായി പ്രവഹിക്കാത്തപക്ഷം ഫലംചെയ്യുവാൻ സാധിക്കാതെ വാടിയുണങ്ങുന്നു. ഇതുപോലെ ദിവ്യകാരുണ്യത്തിന്റെ കൂടക്കൂടെയുള്ളസ്വീകരണംവഴിയായി ഈശോയുടെ വരപ്രസാദമായ ആദ്ധ്യാത്മികജീവജലം നമ്മിലേക്കു ഇടവിടാതെ ഒഴുകുമ്പോൾമാത്രമാണു് നാം സംപൂർണ്ണമായ ഫലംചെയ്യുന്നതു്.

ആകയാൽ കൂടക്കൂടെയും ദിവസംതോറുമുള്ള ദിവ്യകാരുണ്യസ്വീകരണം അതിന്റെ സ്ഥാപകനായ മിശിഹായ്ക്കുണ്ടായിരുന്ന ഉദ്ദേശത്തിനു് എത്ര യോജിച്ചതാണെന്നും താൻ അതു് എത്ര തീവ്രമായി ആഗ്രഹിക്കുന്നെന്നും നമുക്കു് ഗ്രഹിക്കുവാൻ സാധിക്കുന്നു. കർത്താവിന്റെ ഈ ആഗ്രഹപ്രകാരം വി. തെന്തോസു് സൂനഹദോസു് ഉപദേശിക്കുന്നതു്, നാം കാണുന്ന എല്ലാ കർബാനയിലും ക്രമാശപ്രകാരം ദിവ്യകാരുണ്യം സ്വീകരിക്കണമെന്നാണു്. ദിവ്യരക്ഷകന്റെ ഈ ആഗ്രഹം അറിഞ്ഞിരുന്ന ശിഷ്യരും പൂർവ്വക്രിസ്ത്യാനികളും ദിവസംതോറും ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നു. കൂടക്കൂടെയും തീണ്ണതാപൂർവ്വവും ദിവ്യകാരുണ്യം സ്വീകരിച്ചുകൊണ്ടല്ലാതെ മറേറതുപ്രകാരത്തിൽ ഈശോയുടെ ദിവ്യഹൃദയത്തോട്ട സമീപിക്കുവാൻ കഴിയുമെന്നു് വിശുദ്ധന്മാർ ചോദിക്കുന്നു.

നിത്യരക്ഷപ്രാപിക്കുന്നവരായി ദൈവം മുൻകൂട്ടി അറിഞ്ഞിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ടവരെ തന്റെ പുത്രനേപ്പോലെ രൂപീകരിക്കുന്നുവെന്നു വി. പൗലോസു് എഴുതിയിരിക്കുന്നു. ദൈവകുമാരനായ മിശിഹായുടെ രൂപത്തിൽ നാം ആയിത്തീരുന്നതിനു് ദിവ്യകാരുണ്യസ്വീകരണത്തേക്കാൾ ഉപയുക്തമായി വേറൊരുമാർഗ്ഗവുംഇല്ല. എന്തുകൊണ്ടെന്നാൽ സകലവരപ്രസാദങ്ങളുടേയും വിശുദ്ധിയുടേയും നാഥനും ദാതാവുമായ ഈശോ നമ്മുടെ ആത്മാവിനെ സന്ദർശിക്കുന്ന അവസരങ്ങളിൽ നമുക്കുലഭിക്കുന്ന വരങ്ങളും നമ്മിൽനടക്കുന്ന രക്ഷാകരമായ വിശുദ്ധീകരണപ്രവൃത്തികളും രൂപാന്തരീകരണവും എത്ര ആശ്ചര്യജനകം! ആത്മീയസമാധാനവും സന്തോ

ഷവും ദൈവവരപ്രസാദത്തിന്റെ വർദ്ധനവും നമ്മിൽ ഉണ്ടാകുന്നതു് അപ്പോൾ അല്ലയോ? അറിയാതെകിടക്കുന്ന പാവദോഷങ്ങളും മോചിക്കപ്പെട്ടു് ആത്മികാരോഗ്യം വർദ്ധിക്കുന്നതും ദുരാശകൾ ക്ഷയിച്ചു് ഇല്ലാതാകുന്നതും അന്തസ്സിനടുത്ത കടമകൾ നിറവേറുവാനും സ്വർഗ്ഗവാസികളോടു സംഭാഷണം ചെയ്യുവാനും പാവദോഷങ്ങളിൽനിന്നു് അകലുവാനും നമുക്കു് എളുപ്പമുണ്ടാകുന്നതും ദിവ്യകാരുണ്യ ഈശോയുടെ മാധുര്യംനിറഞ്ഞ സന്ദർശനവും, ആത്മീംഗനവും, ചുംബനവും ലഭിക്കുന്ന ആ സൗഭാഗ്യം പൂർണ്ണമായ വിനാഴികകളിലല്ലയോ? നികൃഷ്ടമായ ലോകജീവിതത്തിലെ നിരവധിക്ലേശങ്ങളും മാനസികവും ശാരീരികവുമായ നാനാതാപകരും ദുഃഖദുരിതങ്ങളുമെല്ലാം ദൈനംദിനം എന്നാനാം സഹിച്ചുകൊണ്ടു് ദീർഘശ്വാസംവിടുന്ന വിദേശികളായ നമ്മുടെ സകലക്ലേശങ്ങൾക്കും ശമനംവരുത്തി സമാധാനവും ശരണവും മനോധൈര്യവുംതന്നു് ആശ്വസിപ്പിക്കുന്നതിനും ശക്തിയും മനസ്സും ആഗ്രഹവുംഉള്ള സ്നേഹപിതാവായ ഈശോയുടെ സന്ദർശനത്തേക്കാൾ നമുക്കാഗ്രഹിക്കത്തക്കതായി വേറെ എന്തുണ്ടു്? മരണംവരെ എപ്പോഴും മനുഷ്യരോടുകൂടെയുള്ള ഭയങ്കരശത്രുവായ ജഡമോഹം മൂലം പാതകങ്ങൾചെയ്തും ദൈവകോപത്തിനിരയായിതിർന്ന മനസ്സാക്ഷിക്കടിമൂലം ആശ്വാസാഹിതരായും എത്രപരിശ്രമിച്ചിട്ടും അതിനെ ജയിക്കാൻ ശക്തിയില്ലാതെ വലഞ്ഞും നിരാശക്കടലിൽ അധഃപതിച്ച നിർഭാഗ്യരായ ആത്മാവുകൾക്കു് സകല ആത്മീയരോഗങ്ങളുടെയും വിദ്ധൗഷധമായ ദിവ്യകാരുണ്യത്തിന്റെ അനുദിനസ്വീകരണം അത്ഭുതകരമായ രോഗശമനവും സമാധാനവുംനൽകുന്നതു സർവ്വസാധാരണമല്ലയോ?

അമ്മാവൂരിലേക്കുപോയശിഷ്യൻ ദിവ്യകാരുണ്യസ്വീകരണം വഴിയായിട്ടല്ലയോ തങ്ങളുടെ ദിവ്യഗുരുവിനെ തിരിച്ചറിഞ്ഞതു്. ദൈവികരഹസ്യങ്ങൾ മറ്റെല്ലാവരേക്കാൾ അധികംഗ്രഹിക്കുകയും നമ്മുടെ ഉപകാരത്തിനായി എഴുതിവെയ്ക്കുകയുംചെയ്ത വിശുദ്ധ യോഹന്നാൻ സുവിശേഷകൻ, വി. പൗലോസു്, വി. അമ്മത്രേസ്യാ, വി. കുരിശിന്റെ യോഹന്നാൻ, മാലാഖായ്ക്കടുത്ത വി. തോമ്മാമല്ലാൻ, വി. കൊച്ചുത്രേസ്യാ ആദിയായ സ്വർഗ്ഗീയരാജാളികൾ (പ്രേക്ഷകർ) അവരുടെ ഉത്തമമായജ്ഞാനം ദിവ്യകാരുണ്യത്തിൽനിന്നല്ലാതെ മറ്റെവിടെനിന്നുപ്രാപിച്ചു? രക്തസാക്ഷികൾ ധീരസമരത്തിനായി കുരിശെത്തിലേയ്ക്കു പോകുംമുമ്പു് ബലവാന്മാരുടെ അപ്പമായ ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നതിനാലല്ലയോ ആ ഭയങ്കരപോരാട്ടത്തിൽ വിജയികളായിഭവിച്ചതു്? രാജാളിപ്പക്ഷികളെപ്പോലെ ആകാശത്തുടവരെ ധ്യാനയോഗംവഴിക്കായി പറന്നുയരുന്ന ഭാഗ്യശാലികളായ ആത്മാവുകൾക്കു് അവരെ ദൈവസ്നേഹപാരവശ്യത്തിൽ ലയിപ്പിക്കുന്ന ധ്യാനവിഷയങ്ങളുടെ കേന്ദ്രസ്ഥാനമായ ദിവ്യകാരുണ്യം അവരെ

ടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്ന അവസരങ്ങൾ എത്ര ആനന്ദസന്ദായകങ്ങളായിരിക്കും? പുണ്യപൂർണ്ണതാ സൌധത്തിലേക്ക് ആരോഹണംചെയ്യുന്ന ധീരാത്മാക്കൾക്ക് ഇടയ്ക്കിടെ അവരുടെവിശുദ്ധീകരണത്തിനും പരിശോധനയ്ക്കുമായി ദൈവംനൽകാറുള്ളതും, പൈശാചിക പ്രലോഭനങ്ങൾ മൂലം പരാവുള്ളതുമായ വിവിധമാനസിക പീഡകളിലും അന്ധകാരനിബിഡമായ രാത്രികളിലും വരൾച്ചകളിലും അവക്കുള്ളഏകാവലംബം ദിവ്യകാരുണ്യ ഈശോയുടെ ചുംബനമല്ലയോ? മിശിഹായുടെ തിരുശ്ശരീരം സ്വീകരിച്ചുകൊണ്ട് പ്രാർത്ഥനയിൽ നിലനിന്നിരുന്ന ആദ്യക്രിസ്ത്യാനികൾ എല്ലാ പീഡകളുടേയുംമദ്ധ്യേ ക്രിസ്തീയാത്മപിയിലും മാതൃകാപരമായ ജീവിതവിശുദ്ധിയിലും പുണ്യപൂർണ്ണതയിലും എത്ര സുസ്ഥിരന്മാരായിരുന്നു! ദിവ്യകാരുണ്യഅപ്പം കൂടക്കൂടെഭക്ഷിക്കുന്ന ആളിന്റെ ശരീരത്തിന് ഒട്ടവിലത്തെ ഉയിർപ്പിൽ പ്രതാപസംപൂർണ്ണമായ മിശിഹായുടെ ശരീരത്തോട് കൂടുതൽ തുല്യതസിദ്ധിക്കുമെന്നാണ് ആർസിലെ വികാരിയായ വി. ജോൺ വിയാന്നി പ്രസ്താവിക്കുന്നത്.

സാധാരണ അപ്പം അതിനെ ഭക്ഷിക്കുന്നവന്റെ ശരീരമായിപരിണമിക്കുന്നു. എന്നാൽ എന്റെ സ്വർഗ്ഗീയഅപ്പം അതു ഭക്ഷിക്കുന്നവനെ എന്നിലേക്കു രൂപാന്തരപ്പെടുത്തി ദൈവികനാക്കുന്നുഎന്ന് ദിവ്യരക്ഷകൻ വി. ആഗ്നസ്തീനോസിനോട് അരുളിച്ചെയ്തു. ദിവ്യകാരുണ്യഈശോയുടെ പ്രഥമ ചുംബനത്തെപ്പറ്റി വി. പൌലൂപ്പാപ്പാ പറയുന്നതു ശ്രവിച്ചാലും:- അന്നു മുതൽ ഈശോയും താനും രണ്ടല്ലായിരുന്നു. തന്റേതായ ഇല്ലാതാകയും ഈശോമാത്രം ശേഷിക്കയും ചെയ്തു. ഒരു സ്വർണ്ണപാത്രത്തിൽ ഇരിക്കുവാനല്ലാ ഈശോ ഇഹത്തിൽ വന്നതു്. മനുഷ്യഹൃദയങ്ങളിൽ വസിക്കുവാനത്രെ. മനുഷ്യഹൃദയങ്ങളിൽ വസിക്കുന്നതാണ് തനിക്ക് അനന്ദകരം. പിതാവു വഴിയായി താൻ ജീവിക്കുന്നതുപോലെ താൻ വഴിയായി നമുക്ക് അയുസ്സുണ്ടാകണമെന്നും അതു സമൃദ്ധിയായി ഉണ്ടാകണമെന്നും തീവ്രമായി ആഗ്രഹിച്ചുകൊണ്ടാണ് ദിവ്യകാരുണ്യത്തിൽ താൻ അധിവസിക്കുന്നതു്. ദിവ്യകാരുണ്യഈശോയുടെ വാത്സല്യഭാജനങ്ങളേ! മനുഷ്യരുടെ നേരെ ദൈവകുമാരനുള്ള സ്നേഹം എത്ര അപരിമിതമെന്ന് കണ്ടാലും! അവരോട് അടുത്തു അവരിൽ ഒരുവനാകുവാൻവേണ്ടി ശരീരം ധരിക്കുന്നു. ഈ ശരീരവും രക്തവും ഹോമബലിയായി മലമുകളിൽ സമർപ്പിക്കുന്നു. അതുകൊണ്ടും തൃപ്തനാകാതെ ദിവ്യകാരുണ്യത്തിൽ ഈ ബലി എല്ലാദിവസവും താൻ നവീകരിക്കുന്നു. അങ്ങേ ശരീരത്തെ അവക്ക് അപ്പമായി നൽകുന്നു. സ്വർഗ്ഗത്തിൽ ഒരിക്കൽ താൻ അവക്ക് നൽകാനിരിക്കുന്ന നിത്യവിരുന്നിന്റെ മുന്നാടയാളമായി ഇഹത്തിൽ വെച്ചുതന്നെ ദിവ്യകാരുണ്യഅപ്പത്തിൽ നിത്യതാം അപ്പത്തെ പ്രവർത്തിച്ചുകൊണ്ട് ലോകത്തി

ന്റെ നാനാഭോഗങ്ങളിലും വിശപ്പുള്ള ഏവർക്കും തന്നെത്തന്നെ ഭക്ഷണമായി കൊടുക്കുന്നു. "സ്നേഹിതനുവേണ്ടി സ്വയംപൂജിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല." ഓ! ഈദൃശസ്നേഹം കാണുകയിൽ ദീർഘദർശിയോടുകൂടെ "ഇതു വലിയ നമ്മകം എനിക്കു നൽകിയിരിക്കുന്ന ദൈവത്തിനു് നന്ദിസൂചകമായി ഞാൻ എന്തുകൊടുക്കും? രക്ഷയുടെ പാനപാത്രം സ്വീകരിച്ചുകൊണ്ടു് കർത്താവിന്റെ നാമം ഞാൻ വിളിക്കും! എന്നു നാം പാടുകയും ഈ വാക്യം അനുഭവമാകുവാൻ തക്കവണ്ണം പാടുള്ള എല്ലാദിവസവും ദിവ്യപൂജയിൽ സംബന്ധിച്ചു് രക്ഷയുടെ പാനപാത്രമായ ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്യേണ്ടതല്ലയോ?

മുപ്പത്തിരണ്ടാമത്തെ സർവ്വജാതീയ ദിവ്യകാരുണ്യ

കോൺഗ്രസ്സ് വിവരണം.

1884 ഒക്ടോബർ മാസത്തിൽ അർജൻറീനാ ഗവർമ്മെണ്ടു് പരിശുദ്ധ സിംഹാസനപ്രതിനിധിയെ ആ രാജ്യത്തുനിന്നും ബഹിഷ്ക്കരിക്കയുണ്ടായി. എന്നാൽ 1934 ഒക്ടോബർ മാസത്തിൽ അർജൻറീനാ ഗവർമ്മെണ്ടും ജനങ്ങളും ഏകോപിച്ചു് അവരുടെ തലസ്ഥാനനഗരിയായ ബ്യൂണോസ് അയേർസിൽവെച്ചു മുപ്പത്തിരണ്ടാമത്തെ ദിവ്യകാരുണ്യസമ്മേളനം അദ്ഭുതപൂർവമായ ആഘോഷാഡംബരങ്ങളോടുകൂടി കൊണ്ടാടുകയും, കോൺഗ്രസ്സിലേക്കുള്ള പേപ്പൽ പ്രതിനിധിയായ പച്ചെല്ലി കർദിനാളിനെ അർജൻറീനാ നാവികസൈന്യം പീരങ്കിവെടികളുടെ ആചാരത്തോടും രാജോചിതമായ സകല ബഹുമാനത്തോടുംകൂടി സ്വീകരിക്കയുണ്ടായി. 1884-ൽ അർജൻറീനാ നിരീശ്വരശക്തിക്കു് കീഴ്പെട്ടിരുന്നു. ഇന്നാകട്ടെ സർവതോൻമുഖമായ കത്തോലിക്കാചൈതന്യത്താൽ അവിടം പരിലസിക്കപ്പെട്ടിരിക്കുന്നു. ഇനി ഒരു അരശതാബ്ദം കഴിയുമ്പോൾ ഇന്നു് നിരീശ്വരത്വത്തിന്റെയും അവിശ്വാസത്തിന്റെയും കേളീരംഗമായ എതു രാജ്യങ്ങൾ അവരുടെ "ഞാൻപിഴയാളി" ചൊല്ലി ദിവ്യകാരുണ്യനാഥനു് സ്വാഗതം അരുളുകയില്ലായെന്നു് ആർക്കറിയാം.

ഇതുവരെ കഴിഞ്ഞുകൂടിയിട്ടുള്ള സർവജാതീയ ദിവ്യകാരുണ്യ കോൺഗ്രസുകളെല്ലാം അതിലംഘിക്കുന്ന ഈബ്യൂണോസ് അയേർസിലേ കോൺഗ്രസിൽ ഒക്ടോബർ ഒൻപതാംതീയതി പാലേർമോതുറമുഖത്തുവച്ചു് പേപ്പൽ പ്രതിനിധിയുടെ സ്വീകരണവും പത്താംതീയതി കോൺഗ്രസ്സു് ഉൽഘാടനവും നടന്നു.

ബാലസമ്മേളനം.

പതിനൊന്നാംതീയതി നടന്നതു് ബാലസമ്മേളനമാണു്. 107,000 കുട്ടികൾ അന്നു് പലേർമോ പാക്കിൽവച്ചു് ദിവ്യകാരുണ്യം സ്വീകരിച്ചു. ഇതിനായി നാലു കർദിനാളന്മാർ ദിവ്യബലി അർപ്പിച്ചു. ഇടവകകൾ, സ്കൂളുകൾ മുതലായ സ്ഥാപനങ്ങളിൽനിന്നും സംഘംചേർന്നു് വന്നവരെ മാത്രമേ ഈ

അവസരത്തിൽ സ്വീകരിച്ചുള്ളൂ. മറ്റാളുകൾക്ക് പ്രവേശനമില്ലായിരുന്നെങ്കിലും, ഇരുപതു കുട്ടികൾക്ക് ഓരോൾവീതം മുതിർന്നവർക്ക് ബാലനിയന്ത്രണത്തിനായി പ്രവേശനം അനുവദിച്ചിരുന്നു. ഒരു നിരയായിട്ടിട്ടാൽ 45 ഒമൽ നീളംവരുന്ന 23000 ബഞ്ചുകൾ ഇവക്കായി തയാറാക്കിയിരുന്നു. ദിവ്യപൂജാനന്തരം ഈ വമ്പിച്ച ബാലസമൂഹത്തിനു് അവിടെവച്ചുതന്നെ എന്തെങ്കിലും വേഗത്തിലും യാതൊരു ബഹളവുംകൂടാതെയും ഒരു കാപ്പിസൽക്കാരവും കൊടുത്ത കോൺഗ്രസ്സ് അധികൃതന്മാരുടെ സംഘടനാകരണങ്ങൾ അത്ഭുതകരംതന്നെ. കാപ്പിസൽക്കാരത്തിനിടയിൽ പച്ചെല്ലി കർദിനാൾ ബാലഗണത്തിനിടയിൽക്കൂടി കാറിൽ സഞ്ചരിച്ച് അവരെ ആനന്ദിപ്പിക്കയും "ഇതുതന്നെ പറുദീസാ" എന്നു് സന്തോഷസമേതം വിളിച്ചുപറകയും ചെയ്കയുണ്ടായി.

കൃതജ്ഞതാപൂജാപ്പുണ്ണം.

അടുത്ത രണ്ടു ദിവസങ്ങളിൽ കോൺഗ്രസ്സു് സംബന്ധിച്ചു് പല യോഗങ്ങളും പ്രസംഗങ്ങളും ഓരോ സെക്ഷനിലും നടന്നു. പതിമ്മൂന്നാംതീയതി അർജൻറീനാ രാജ്യത്തിൻറെ സംരക്ഷകയായ ലൂജനിലെ നമ്മുടെ നാഥയുടെ നേർക്കു് ഔദ്യോഗികമായ ബഹുമാന സൂചകചടങ്ങുകളും രാജ്യത്തിനു് ലഭിച്ചിട്ടുള്ള നന്മകൾക്കു് നന്ദിസൂചകമായ ദിവ്യപൂജാപ്പുണ്ണവും നടന്നു.

അവസാനകർണ്ണാന.

അവസാനദിവസമായ പതിന്നാലാംതീയതി പ. പിതാവിൻറെ പ്രതിനിധിതന്നെ കോൺഗ്രസ്സ് മണ്ഡപത്തിൽ ദിവ്യപൂജ അർപ്പിച്ചു. ദിവ്യപൂജയ്ക്കു് പത്തുലക്ഷം ജനങ്ങളും അന്നു വൈകുന്നേരത്തെവി. കുർബാനയുടെ വാഴ്വിൽ ഇരുപതുലക്ഷംപേരും സന്നിഹിതരായിരുന്നു. ഈ സംഖ്യ സുപ്രസിദ്ധമായ ഡബ്ലിൻ കോൺഗ്രസ്സിനെ കൂടിയ ജനക്കൂട്ടത്തെ അതിലംഘിക്കുന്നു. ദിവ്യബലി സമാരംഭിക്കുന്നതിനു മുമ്പേ മുപ്പതു രാജ്യങ്ങളുടെ ദേശീയപതാകകൾ അർജൻറീനായുടെതിനോടും പാപ്പായുടെതിനോടുംകൂടി പ്രദക്ഷിണമായി കൊണ്ടുവന്നു് സ്ഥാപിച്ചു. ഇക്കൂട്ടത്തിൽ അതേസമയംതന്നെ തങ്ങളിൽ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന ബൊളീവിയാ, ചില്ലി എന്നീ രണ്ടു രാജ്യക്കാരുടെ കൊടിയും ഉണ്ടായിരുന്നു എന്നതു സ്മരണീയമത്രെ.

ദിവ്യപൂജയിൽ ഏവൻഗേലിയോൻ കഴിഞ്ഞയുടനെ പ. പിതാവു് വത്തിക്കാനിൽ തൻറെ വായനമുറിയിൽ ഇരുന്നുകൊണ്ടു് ഉച്ചഭാഷിണിയന്ത്രം മുഖേന അവരെ ആശീർവദിച്ച സ്വരം എല്ലാവരും വ്യക്തമായി കേൾക്കുകയും, അതോടുകൂടിത്തന്നെ പരിശുദ്ധ പിതാവു് അവർക്കു് ഒരു

"സമാധാനദൌത്യം"

നൽകുകയുംചെയ്തു. അതിപ്രകാരമായിരുന്നു. "രാജകീയവും സാഹോദരികവുമായ രക്തത്തിൻറെ ചൊരിച്ചിൽകൊണ്ടു് പീഡിതമായിരിക്കുന്ന ഈ ലോകം സമാധാനം കണ്ടെത്തുക്കുവാനും ഇതിൽ ക്രിസ്തുവിൻറെ അരുപി വ്യാപിക്കയും, ശക്തിപ്പെട്ടവരുടെ ഭരിതങ്ങളിൽനിന്നു് മുക്തി പ്രാപിച്ചു് നിരന്തരസമാധാനം നേടുകയും ചെയ്യട്ടെ" പ. പിതാവിൻറെ പ്രസംഗാനന്തരം വിശുദ്ധ കുർബാന പൂർത്തിയാക്കി.

ദിവ്യകാരുണ്യ പ്രദക്ഷിണം

ഇന്നേദിവസം സായാഹ്നത്തിലാണ് കോൺഗ്രസ്സിന്റെ അവസാനചട ങ്ങായ ദിവ്യകാരുണ്യപ്രദക്ഷിണവും വാഴ്ച്ചയും നടന്നതു്. ഇതിനായി ഒരൽ ത്താര കാർ പ്രത്യേകം തയാറാക്കി. അതിൽ ദിവ്യകാരുണ്യം അടങ്ങിയിരുന്ന അരുളിക്കാ സ്ഥാപിച്ചു് അതിന്റെ ചുവട്ടിൽ കൈപിടിച്ചുകൊണ്ടു് പ. പി താവിന്റെ സ്ഥാനാപതി മുട്ടുകുത്തിയിരുന്നു. പ്രദക്ഷിണത്തിന്റെ മദ്ധ്യഭാഗ ത്തായി ഈ കാർ പതിനാറു വൈദികർ ക്രുടിയാണു് തെരുവിഥിയിലൂടെ പാ ക്കിന്റെ മദ്ധ്യഭാഗത്തു് സ്ഥാപിച്ചിരുന്ന ബ്രഹ്മാണ്ഡമായ കുരിശിന്റെ ഭാഗ ത്തേക്കു് വലിച്ചുകൊണ്ടു പോയതു്. അവസാന വാഴ്വു് കൊടുക്കുന്നതിനു മുൻപായി ജനാധിപത്യപ്രസിഡണ്ടായ ജനറൽ ഫ്രാങ്കോ ഈ ദി. കാ. കോൺ ഗ്രസ്സു് ഇതു വിജയകരമായി പര്യവസാനിച്ചതിനും അർജന്റീനാ രാജ്യത്തി നു് ഇന്നുവരെ ലഭ്യമായിട്ടുള്ള നിരവധി നന്മകൾക്കുമായി രാജ്യത്തേയും രാജ്യ വാസികളേയും പരമകാരുണികനായ ദൈവത്തിനു് സമർപ്പിക്കുന്നതായി അ വിടെ ക്രുടിയിരുന്ന ഇരുപതു ലക്ഷം ജനങ്ങളെ അഭിമുഖീകരിച്ചു് പ്രസ്താവിക്ക യുണ്ടായി.

ഇപ്രകാരം തെക്കേ അമേരിക്കാ ഇന്നുവരെ കണ്ടിട്ടുള്ളതിൽ വലിയ ആ ഘോഷം, സമംഗളം പര്യവസാനിച്ചു.

ഏലത്തോട്ടത്തിലെ ഏലിയാമ്മ.

(ഫാദർ അഗസ്റ്റിൻ ചങ്ങനാശേരി)

ഉദ്ദേശം, ഒരു നൂറാണ്ടു കാലംമുതൽക്കു് 'ഏലത്തോട്ടംകുടുംബം' ധനസമൃദ്ധി, പ്രശസ്തി, ദാനധർമ്മം, സർവോപരി ദൈവഭക്തി എന്നിവ യിൽ മികച്ചുനിന്നു പോന്നിരുന്നതിനാൽ ഏതൽപ്രദേശങ്ങളും സമീ പസ്ഥലങ്ങളിൽ മാത്രമല്ല, ഉന്നതപർവ്വതശൃംഗങ്ങളും, വൻകടലുക ളും, അതിലംഘിച്ചു്, വിദൂരപ്രദേശങ്ങളിലും, കണ്ണാകണ്ണികയാ എത്തിക്ക ഴിഞ്ഞിരുന്നു. പോരെങ്കിൽ, വി. തോമ്മാശ്ലീഹായാൽ, ഭൂമിദേവവംശത്തിൽ നിന്നു്, ക്രിസ്തുമതത്തിലേക്കു്, മാനസാന്തരപ്പെടുത്തിയതാണെന്നുള്ള ഒരു മെച്ചവും അതിനുണ്ടു്. ഇപ്പോഴും അധഃപതനത്തിൽ എത്താറായിരിക്കുന്ന തെങ്കിലും, പരിസരങ്ങളിൽ മൂത്തുമൂരണ്ടു് നില്ക്കുന്നപുഷ്പവാടികളും, നിർ ജ്ജീവങ്ങളായി കാണപ്പെടുന്ന രാക്ഷസവൃക്ഷജാലങ്ങളും, എല്ലാം തൽ ക്കുടുംബത്തിന്റെ പഴയ ശുക്രദശയിലേയ്ക്കു ഒരു സന്ദർശകനെ ഹാൽ ആ കർഷിക്കാതിരിക്കുകയില്ല.

ഇന്നത്തെ ഇവിടത്തെ, നായികാനായകന്മാർ, ഔസേപ്പച്ചനും, മറിയാമ്മയും ആണു്. ഇവിടത്തെ പ്രധാന ആദായമാർഗ്ഗങ്ങളും, നെല്ലു്, കുരുമുളകു്, നാളികേരം, മുക്കു് എന്നിവയാകുന്നു. പരിഷ്കൃതാശയനാ യ ഔസേപ്പച്ചൻ റബർകൃഷിയിലും ദൃഷ്ടിപതിക്കാതിരുന്നില്ല. വാണിജ്യ വും ഉണ്ടു്. എന്നാൽ, ഇവയൊക്കെ, ഉണ്ടായിരുന്നിട്ടും ആധുനികസാ മ്പത്തികാധഃപതനം ഔസേപ്പച്ചനെ വല്ലാതെ കറക്കുന്നുണ്ടു്. സന്താ

നവല്ലികളായി ഒരു പുത്രനും, രണ്ടു പുത്രിമാരും ആണ് അവക്കുള്ളത്. മൂത്തവർ ഇരുവരും നേരത്തെ വിവാഹിതരായി. ഇനിശേഷിച്ചിരിക്കുന്നത്, ഒടുവിലത്തെ വയറുകഴുകിപ്പിള്ളയായ ഏലിയാമ്മമാത്രമാണ്. കനിഷ്ഠസന്താനവല്ലിയോട് മാതാപിതാക്കന്മാക്ക് ഒരു വിശേഷവാത്സല്യം ഉണ്ടെന്നുള്ളത് സാധാരണവും ആണല്ലൊ. സീമന്തപുത്രിയെ വളരെ ദൂരെ കല്യാണം കഴിച്ചുവിട്ടതിനാൽ തനിക്ക് സഹായത്തിനും ആശ്രയത്തിനും ഇല്ലെന്നും, തന്നിമിത്തം ഏലിയാമ്മയെ അടുത്തു് എവിടെ എങ്കിലും, ഒരു നല്ല പുരുഷനെക്കൊണ്ടു വിവാഹം കഴിപ്പിക്കുന്നതായാൽ, ഉദ്ദിഷ്ടകാര്യം നിവർത്തിതമാകുമെന്നും ഒക്കെ, മറിയാമ്മ പര്യാലോചനചെയ്തുവച്ചിരിക്കയാണ്. ഏതായാലും ഏലിയാമ്മയെ നല്ലവണ്ണം വിദ്യാഭ്യാസം ചെയ്യിപ്പിക്കണം എന്ന രണ്ടുപേക്കും അതിവാഞ്ഛാ ഉണ്ടായിരുന്നതിനാൽ, ഈ വയസ്സു് പ്രായം ആയപ്പോൾ, മലയാളം ഫോം ക്ലാസ്സിൽ പാസ്സായും, മാതാപിതാക്കന്മാടെയും ജിജ്ഞാസ സഫലീകൃതമായി. ഇത്തരുണത്തിൽ, തള്ളയുടെ അന്തർഗ്ഗതവും വെളിക്കു് ചാടിത്തുടങ്ങി. ഔസേപ്പച്ചൻ അതിനും അന്വേഷണവും നടത്തിത്തുടങ്ങി.

ഇവിടത്തെ, യൗസേപ്പച്ചന്റെ മതാത്മകകാര്യങ്ങളെക്കുറിച്ചു് അല്പംഒന്നു് പർച്ച ചെയ്യുന്നതു് രസാവഹമായിരിക്കും. ഏലത്തോട്ടംകൂടുംബത്തിലേ പണ്ടത്തെ ക്രിസ്തീയചൈതന്യമെല്ലാം ഇന്നത്തെ കാരണവന്റെ കാലത്തു് അസ്തഗതയായിരിക്കയാണ്. പായാരാഴ്ച തുടങ്ങിയ കടപ്പുട്ട ദിവസങ്ങളെ ഭക്തിയുക്തം ആചരിക്ക, കുമ്പസാരവും, കുർബാനയും യഥാവിധി അനുഷ്ഠിക്ക, കുട്ടികളെ വേദപാഠത്തിനു് അയക്കുക, കുടുംബത്തിലേ പ്രാർത്ഥനകളിൽ പങ്കെടുക്കുക എന്നിവയിൽ കാരണവന്നു് വലിയ ശ്രദ്ധയൊന്നും ഇല്ലായിരുന്നു. ജോലിമാലികം തീർത്തു്, അയാൾ വീട്ടിൽ വന്നുചേരുന്നതുതന്നെ, തിരെ വൈകിട്ടായിരുന്നു. "പക്കിക്കൊത്ത ശങ്കരൻ" എന്ന മട്ടിലായിരുന്നു മറിയാമ്മയും. കുടുംബനാഥയ്ക്കു കൃത്യനിർവ്വഹണത്തിൽ ഒരു തീരുമാനവും ഇല്ലാതിരുന്നതുകൊണ്ടു്, അടുക്കളവേലയെല്ലാം രാത്രിയിലേയ്ക്കു് ഈടും കൂട്ടുക പതിവായിരുന്നുപോൽ. തന്നിമിത്തം നിശാപ്രാർത്ഥനയ്ക്കുള്ള സമയം മുഴുവനും ഗാർഹികജോലി ഗ്രസിച്ചിരുന്നു. ഈ തക്കം നോക്കി കൂപ്പില്ലാക്കളരിയിലേ പ്രബോധനം കണക്കു് കുട്ടികളും അവരുടെ സന്ധ്യാകർമ്മങ്ങളും ഒരു തരം ലഹളയിൽ കഴിച്ചുകൂട്ടിപ്പോന്നു. അത്താഴം കാലമായി വരുമ്പോൾ മിക്കവാറും ഗാഢനിദ്രയാകും. പിന്നെ കിടാങ്ങളും, അത്താഴത്തിനു് നിലവിളിച്ചു് ഇഛാഭംഗരായി ക്ഷീണിച്ചു് അവിടവിടെ പല മുക്കിലും മൂലയിലും തളർന്നു് വീഴും. അപ്പഴത്തേക്കു് കുടുംബനാഥനും തെല്ലൊടുത്തു് ഒരു വിധം

ജോറിനു് വന്നു് ചേരും. എന്നാൽ, മദ്ധ്യവസ്ഥാരണമായവലിയ ഒച്ചപ്പാടും അലോഹ്യവും ഉണ്ടായിരിക്കയില്ലെന്നുള്ളതു്, ഒരു വിശേഷമാണു്. വേലക്കാരുടെ കൂലികൊടുക്കലും മൂപ്പീന്നിന്റെ കൂലിയും ഒക്കെ കഴിഞ്ഞു വരുമ്പോൾ മണി ഒരു ഫ്ര ആയേക്കാം. പിന്നത്തെ പടങ്ങു് അത്താഴ വിതരണം ആയിരിക്കും. നിദ്രയിൽ ലയിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ വിളിച്ചെണീപ്പിക്കുമ്പോൾ കൂട്ടനിലവിളിയും, കരച്ചിലും, പിഴിച്ചിലും ഒരു വലിയ ബഹളം!! കുറെപ്പേർ ദീർഘപരിശ്രമഫലമായി അതിൽ പങ്കുകൊണ്ടെന്നും വരാം. പ്രസ്തുത പടങ്ങു് അങ്ങിനെയിങ്ങനെ അവസാനിപ്പിച്ചാൽ പിന്നിട്ട നടക്കുന്നതു് ഏലിയാമ്മയെക്കുറിച്ചുള്ള ദീർഘചർച്ചാലോചനയാണു്. ചില അവസരങ്ങളിൽ, അങ്ങേക്കുറവു നിന്നും ഇങ്ങേക്കുറവുനിന്നും ചിലസ്നേഹിതന്മാർവന്നു് ഈ സംഭാഷണത്തിൽ ഭാഗഭാക്കുകളാവുന്നതും പതിവാണു്. ഇവരുടെ ആഗമനത്തോടുകൂടി, വിവിധവിഷയങ്ങളെ പരാമർശിച്ചു് സംഭാഷണം തുടങ്ങും. എന്നാൽ ഇടക്കിടക്കു് മറിയാമ്മ, ഏലിയാമ്മയ്ക്കും കൊണ്ടുവന്നു് ഈ സംഭാഷണത്തെ ഭഞ്ജിപ്പിക്കാറുണ്ടെന്നുള്ളതും, സ്മർത്തവ്യമാണു്. സീമന്തപുത്രിയെ വിദൂരത്തിൽ വിവാഹം കഴിപ്പിച്ചു് വിട്ടതുപോലെ, ഏലിയാമ്മയെ അയയ്ക്കാൻ പാടില്ലെന്നുള്ളതായിരിക്കും, അതിന്റെ രത്നച്ചുരുക്കം. തനിക്കു പറയിയ അബദ്ധത്തെപ്പറ്റി ഔസേപ്പച്ചനും അപ്പം മനസ്സുപിക്കും. ഒരു ഫ്ര മണി കഴിയുമ്പോൾ എപ്പാവരും, ഉറക്കത്തിനു പിന്തിരിഞ്ഞേക്കും. ഏലത്തോട്ടത്തിലേ പ്രതിദിന കാര്യപരിപാടി, ഏറെക്കുറെ ഇതാണെന്നു് വായനക്കാർ ഊഹിച്ചുകൊള്ളുമല്ലൊ.

ഔസേപ്പച്ചന്റെ ഒരു ആപ്പീസുമിത്രവും പൊതുക്കാര്യപ്രസക്തനും നാടോടിയും, "പത്രാധിപർ", എന്ന അപരനാമത്താൽ വിഖ്യാതനും, ആയ ഒരുവൻ, അവിടെയുണ്ടു്. പുള്ളിയുടെപേർ, കത്തിപ്പൈലി, എന്നാണു്. ആളു്, ഒരു നെടുങ്കൻ. കറുത്തിരുണ്ടനിറം. അപ്പം കൊഞ്ഞയുണ്ടെങ്കിലും, സംസാരംവളരെ വേഗത്തിൽ ആണു്. താംബൂലപ്രയോഗംനിമിത്തം, അധരദ്വയങ്ങളും പെന്പരത്തിപ്പൂക്കണക്കു്, ചുവപ്പായിരിക്കും. ചില പല്ലുകളും കൊഴിഞ്ഞുപോയതുനിമിത്തം മടവൊഴിഞ്ഞു വെള്ളം ഒഴുകുന്നതുപോലെ, രുധിരനിറമുള്ളതുപ്പൽ, അധരങ്ങളിലൂടെ സദാ,പ്രവഹിക്കുന്നതു്, സാധാരണയായിരിക്കും. മൂപ്പീന്നിന്റെ പ്രധാനതൊഴിൽ, കല്യാണത്തിനു് എടനിലുക്കുക, എന്നതാണു്. ഏതൽക്കാര്യത്തിനു് അസാമാന്യസാമർത്ഥ്യം ഉള്ളതുനിമിത്തം, പുള്ളിക്കാരനു്, ഇരിക്കാനോ, കിടന്നുറങ്ങുവാനോ, നേരമില്ല. മൂപ്പീന്നിനെത്തിരക്കി,വീട്ടിൽവരുന്നവർ അസംഖ്യം. വീട്ടുകാരത്തിയുടേയും, പെറുക്കന്റെയും, പരിശ്രമമല്ലായിരുന്നെങ്കിൽ, അട്ടപ്പിൽ മുക്കിലിവല സുലഭമാകുമായിരുന്നു. പുള്ളിക്കു് ഭക്ഷണത്തിൽ, അ

ത്രം താല്പര്യംഇല്ല. അല്പം 'ഡോസ്' കിട്ടിയാൽ വലിയകാര്യം.പ്പൊ മലമറിക്കുന്നതിനൊ അമ്പിളിയമ്മാച്ചനെ പിടിച്ചുകൊണ്ടു വരുന്നതിനോ ഒരുവിഷമവുംഇല്ല. ഇതോത്താണ", "ഏട്ടകാലി" കണക്കു", അഹോരാത്രം, പുള്ളി പ്രയത്നിക്കുന്നതു".

ഒരു ദിവസംരാത്രി ഏലത്തോട്ടത്തിലേ, നായികാനായകന്മാർ, പതിവുപോലെ സംഭാഷണംനടത്തിക്കൊണ്ടിരിക്കയിൽ, കുഞ്ഞിപ്പൈലിയും, അകസ്മികമായി, ആഗതനായി. തങ്ങളുടെ ഒരു ഉറ്റബന്ധുവും, ചിരപ്രതീക്ഷിതനുംആയ കുഞ്ഞിപ്പൈലിയുടെ സമാഗമനത്തിൽ, അവക്കളവായ ആഹ്ലാദകോലാഹലംഎത്രമാത്രമെന്നും വിചിന്തനീയം. ഔസേപ്പച്ചൻ, ആസനത്തിൽനിന്നു് അറിയാതെതന്നെ എണീറ്റു", കുഞ്ഞിപ്പൈലിയെ പ്രഗാഢം ആലിംഗനംചെയ്തു", ഇപ്രകാരം ഉദീരണംചെയ്തു."എന്റെ പൊന്നിട്ടാ, തന്നെ ഒന്നുകാണുവാൻ ഞങ്ങൾ എത്രമാത്രം കൊതിച്ചിരിക്കുന്നു" ഇതിനിടയ്ക്കു", മറിയാമ്മയും, അക്ഷമയായി, അവരുടെ മനോവികാരങ്ങൾ പ്രകടിപ്പിച്ചുകഴിഞ്ഞു. മറുപടിയായി, കുഞ്ഞിപ്പൈലി, സ്വതസ്സിദ്ധമായ വേഗതയിൽ,അല്പം വിക്കോട്ടുകൂടി,ഇപ്രകാരംപറഞ്ഞു. "എന്റെ പൊന്നു അ . . . അ . . . അവുസേപ്പച്ചാ നിങ്ങളെഒന്നു് കാണാൻ കൊതിയായിട്ടാണു", ഞാൻ ഇപ്പോൾ, ഈ പാതിരായ്ക്കു് ഓടിഎത്തിയതു". ഇന്നു് കുഞ്ഞിപ്പൈലി ഉള്ളപ്പോൾ നിങ്ങൾക്കു് എന്തുവിഷമമാണു"? തംഗതിപറ. ശരിപ്പെടുത്താം". ഇത്രയും, കുഞ്ഞിപ്പൈലി പറഞ്ഞുതീർന്നുടനെ അന്തഃസ്തം അടക്കുവാൻ നിവൃത്തിയില്ലാതെഇരുന്ന മറിയാമ്മ ഇപ്രകാരംഅരുളിവെട്ടിവിട്ടു. "എന്റെചേട്ടാ, ഞാനും, ഇവിടത്തെആളും, തന്നെകാണുന്നതിനു് വളരെ കൊതിച്ചിരിക്കയാണു". നമ്മുടെ ഏലിയാമ്മ ഇക്കൊല്ലം പരീക്ഷപാസായതു് അറിഞ്ഞില്ലേ.? പെണ്ണുങ്ങളെ അധികം പഠിപ്പിച്ചിട്ടു ഒരുകാര്യവുംഇല്ല. കലംകഴുകാനുള്ളവരല്ലെ? എങ്കിലും ഇത്രയും ഒന്നു് പഠിപ്പിക്കണമെന്നു് ഒരു മോഹമേ, എനിക്കുണ്ടായിരുന്നൊള്ളു. അതു് തമ്പുരാന്റെ കൃപയാൽ താടിച്ചു. വല്ല മണക്കാരുംവായിക്കാനും കീറിപ്പോയതു് തുന്നാനും. ഒക്കെ, അവൾക്കിപ്പോൾ, താടിക്കുമല്ലോ. എളയ കുഞ്ഞായ്ക്കൊണ്ടു, അടുത്തെങ്ങാനും ഒന്നു കെട്ടിച്ചാൽകൊള്ളാം. എനിക്കും, വല്ലപ്പോഴും, ഒരു തകായത്തിനു് എടയാകുമല്ലോ. അതിനു് നമുക്കു് ഒരു നല്ലചെക്കൻഭാവണം." യൗസേപ്പച്ചൻ, എന്റെ സ്നേഹിതാ എനിക്കു് ഇവിടെ ചെവിടടപ്പിക്കാൻപാടില്ല. കാര്യോത്തിക്കു് ഈ വിചാരംമാത്രം. താൻ അതൊന്നു് ചട്ടംകെട്ടിത്തരണം." കുഞ്ഞിപ്പൈലി അല്പനേരം ചിന്താനിമഗ്നനായിരുന്നിട്ടു,ശേഷം, ഈ വിധം സംസാരിച്ചു. "മറിയാമ്മയുടെകാര്യം ഇപ്പോൾ ഞാൻ സാധിച്ചുതരാം. നമ്മുടെ

പണ്ടത്തെ പങ്കേച്ചവടക്കാരൻ, ചാമക്കാലായിലെ ചാക്കോച്ചനു് ഒരു പെരുക്കൻഉണ്ടല്ലൊ. അവൻ ഏതാണ്ടു് ഒത്തിരിക്കാതൊക്കെ പഠിച്ചിട്ടുണ്ടു്. അവന്റെ ഒരു മുഴുത്തപെട്ടി നറച്ചു് ഒരുപാടു പൊത്തകങ്ങളുമുണ്ടു്. പെരുക്കൻ മിടുമിടുക്കൻ, കിറുക്കിക്കായ്യം എല്ലാം ആ പെരുക്കനല്ലെ നടത്തുന്നതു്? അയാളം, എന്താ കൊച്ചിയിലും, ആലപ്പുഴയിലും ആയിരിക്കും. ഹാ!! അതു് നല്ലഏപ്പാടാണല്ലൊ. ഞാൻ ആകഥ തീരെ വിട്ടുപോയി; എന്നു് ഔസേപ്പച്ചൻ സംതൃപ്തപിത്തനായി, കുഞ്ഞിപ്പെലിയെ, പിന്താങ്ങി. "കരിമ്പിന്മേൽതേൻ, പോലെയിരിക്കും" എന്നു് മറിയാമ്മയും, ആഹ്ലാദചിത്തയായും, പെട്ടെന്നു്, വെട്ടിവിട്ടു. ആട്ടെ, ഞാൻപോയി ആലോചിച്ചു്, അടുത്തദിവസിവരാം" എന്നു് പറഞ്ഞശേഷം, വിദ്വാൻ, യാത്രപറഞ്ഞുപിരിഞ്ഞു.

"ചുക്കില്ലാത്ത കഷായം ഇല്ലെ"ന്നുള്ളമട്ടിലാണു് കുഞ്ഞിപ്പെലിക്കു് തട്ടിക്കിലുള്ള നില. എത്ര കൊനഷ്ടു് പിടിച്ച ഏർപ്പാടും പുള്ളി ശരിപ്പെടുത്തും. പറഞ്ഞിരുന്നപ്രകാരം അയാളം, ചാക്കോച്ചനെ കണ്ടു് പണി പറഞ്ഞു. ഒത്തുകല്യാണത്തീയതിയും കുറുസ്സുമാക്കി മടങ്ങി, ഏലത്തോട്ടത്തിൽ എത്തി വിവരങ്ങളൊക്കെ, വഴിയേ പറഞ്ഞുകേൾപ്പിച്ചപ്പോളം, അവരുടെ സന്തോഷം ഊഹ്യം. ഒത്തുകല്യാണം ഒരുവിധം മോടിയായിനടത്തുവാനുള്ള ഒരുക്കവും ദ്രുതഗതിയിൽ നടന്നു.

നമുക്കിനി, ഏലിയാമ്മയുടെ കായ്യം ഒന്നു വിചിന്തനംചെയ്യാം: പഠനത്തിൽ സമർത്ഥയായിരുന്നതുനിമിത്തം ആദ്യത്തെ കൊല്ലംതന്നെ പരീക്ഷയിൽ പാസായി. എന്നാൽ, വേദപാഠം സംബന്ധിച്ചുള്ള അവളുടെ ജ്ഞാനം തീരെ പൂജ്യം ആണു്. അതിനാൽ, ക്രിസ്തീയാരൂപി, അവരംക്കു വളരെ കുറവാണു്. അഹങ്കാരം, ആഡംബരഭ്രമം, അനുസരണയില്ലായ്മ, എന്നീ ദുർഗ്ഗുണങ്ങൾക്കു് അവരം വിധേയയും, ആകുന്നു. എടുക്കാലത്തു് ഏലത്തോട്ടം കുടുംബത്തിൽ നരഞ്ഞു കയറിയിട്ടുള്ള മതഭക്തികുറവു് "വയറുകഴുകിപ്പിച്ചുള്ള" എന്ന ഭാവത്തിൽ അവളുടെനേക്കു പ്രദർശിതമായ വാത്സല്യം, വേദപാഠജ്ഞാനാഭാവം, എന്നീക്രുട്ടങ്ങളും ആണു് അവളെ ഈ വികൃതപാത്രമാക്കിച്ചമച്ചതു്. ഏലിയാമ്മയ്ക്കു് പാഠപുസ്തകങ്ങളുംക്കും ഫീസു് വസ്ത്രാഭരണാദികളുംക്കായും നിരവധിപണം ബലികഴിക്കുന്നതിൽ, യൗസേപ്പച്ചനു രെല്ലും വൈമനസ്യം ഉണ്ടായിരുന്നില്ല. പ്രത്യുത, ഇടവകയിലേ ബ. വികാരിയച്ചൻ, തൊഴിലാളികളിലും മറവും, കുട്ടികളുടെ വേദപാഠം, അവക്കു പ്രദാനംചെയ്യേണ്ട ക്രിസ്തീയ മതൈതന്യം ആദിയായ പ്രൗഢ വിഷയങ്ങളെ ക്രോഡീകരിച്ചു് ഹൃദയാവർജ്ജകമായ രീതിയിൽ, ചെയ്തുപോരുന്ന പ്രസംഗതല്പജ്ഞങ്ങളെ ശ്രദ്ധി

ക്കുന്നതിനോ, ശ്രദ്ധിച്ചുജീവിത്തനെയും, പ്രകടിതസംഗതികളും നടപ്പിൽ വരുത്തുന്നതിനോ, നമ്മുടെ കഥാപാത്രത്തിനു ഒരുത്സാഹവും തോന്നിയിരുന്നില്ല. നിശ്ചിതതിയതിയിൽ നിർവിഘ്നം നടത്തിപ്പോരുന്ന വേദോപദേശാലയത്തിൽ പീസില്ലാക്കളരിയിൽ ഒരൊറ്റ പാഠപുസ്തകം കൊണ്ടു് ഒന്നു, രണ്ടു, തലമുറകളും തള്ളിവിടാവുന്ന അദ്ധ്യയനശാലയിൽ എതു സമ്പൽക്ഷയകാലത്തും ഏതു നിർദ്ധനനും ഭാഗഭാക്കാകുവാൻ സാധിക്കുന്ന അഭ്യസനത്തിൽ തന്റെ ഓമനത്തങ്കക്കുടത്തെ അയക്കുന്നതിനു് നമ്മുടെ കഥാപുരുഷനു കഴിഞ്ഞിരുന്നില്ല.

ഒത്തുകല്യാണമുഹൂർത്തം അതിക്രമിച്ചിരിക്കുന്നതിനാൽ, നമുക്കിനി അങ്ങോട്ടിട്ടുക്കാം. പ്രസ്തുതദിനം നേരത്തെ യൗസേപ്പച്ചൻ ഏലിയാമ്മയോടൊന്നിച്ചു് 'നമസ്ക്കാരം കേൾപ്പിക്കുവാനായി പള്ളിയിലേയ്ക്കു പോയി. അവുസേപ്പച്ചനുമായി വികാരിയച്ചനു നല്ല പരിചയം ഉണ്ടായിരുന്നതിനാൽ ചെറുക്കൻ വീട്ടുകാരെ (വരകുടുംബത്തെ) പ്പറ്റി മുഖപുരയായി സംസാരിച്ചുതുടങ്ങി. ഉഭയകക്ഷികളും അച്ചനു് സുപരിചിതപാത്രങ്ങളായിരുന്നുകൊണ്ടു്, ദ്വണദോഷങ്ങളുപത്തിൽ, അച്ചൻ അവുസേപ്പച്ചനോടു് ഇപ്രകാരം പറഞ്ഞു. "പെണ്ണിനു പ്രായമായിരിക്കുന്നുനിമിത്തം, കല്യാണം കഴിയുന്നതുംവേഗം നടക്കേണ്ടതുതന്നെ. സർക്കാർപരീക്ഷാവിജയിനി എങ്കിലും, വേദപാഠജ്ഞാനം തൃപ്തികരമല്ലാത്തതു് ഒട്ടും ശരിയല്ല. സഭയിൽ, പൊതുവായും, കുടുംബത്തിൽ പ്രത്യേകിച്ചും, വ്യക്തികളിൽ സവിശേഷമായും കാണപ്പെടുന്ന അനാശാസ്യസംഭവപരമ്പരകളുടെ, ഇതിന്റെ ഒരു നാന്ദിയാണു്. മറ്റൊന്നു പറവാനുള്ളതു് ബന്ധുകുടുംബബന്ധത്തിന്റെ സ്ഥിരീകരണവും ആണു്.

മൂറത്തെമുല്ലയ്ക്കു് മണമില്ലെന്നും, അടുക്കലത്തെ ബന്ധുവിനെക്കാളും, അകലത്തെ ശത്രുനന്നു്" എന്നുംമറ്റുമുള്ള മഹദ്വാക്യങ്ങളും ഓർക്കണമെന്നും, ഒക്കെയുക്തിയുക്തം ഒരുമണിക്കൂറിൽ കുറയാതെ വ്യവഹരിച്ചിട്ടും യൗസേപ്പച്ചന്റെ ദൃഢപ്രകൃതത്തിനു് ഒരു വ്യതിയാനവുംഭവിച്ചില്ല. വേദപാഠജ്ഞാനാഭാവം നവാംഗിയുടെ ദൃഢഗാത്രതയാൽ പരിഹൃതമായി, നിശ്ചിതശുഭമുഹൂർത്തത്തിൽ, മംഗല്യവും മംഗളമായിക്കഴിഞ്ഞുകൂടി. എടബന്ധുവായ കുഞ്ഞിപ്പൈലിക്കു് ഒരു നല്ല പാരിതോഷികവും സിദ്ധമായി. അടിനവബന്ധുക്കൾ ഒരു കുടുംബമെന്നാകണക്കു് നഖവും മാംസവുംപോലെ സമസ്തപ്രവർത്തനങ്ങളിലും ഏകയോഗക്ഷേമത്തോടും ഏകോദരസാഹോദര്യത്തോടും സൗഹാർദ്ദംവർത്തിച്ചുപോന്നു. സമ്പത്തും, സ്വാധീനശക്തിയും അഹമഹമികയാ വർദ്ധമാനമായിവരുന്നതിനാൽ, മിക്കവരുടേയും അസൂയയ്ക്കു ഇവർ വിഷയീഭൂതരായി. യൗസേപ്പച്ചനെക്കാണാതെ, പാക്കോച്ചനു്

ഒരു ദിവസംപോലും, ഇരിക്കവഹിയാത്ത ദിക്കായി. ഉടയകുട്ടംബങ്ങളിലെ ഇതരാംഗങ്ങളുടെ കഥയും, തഥൈവ. ബന്ധുക്കാരത്തിയുടെ കറികഠംക്കും പലഹാരങ്ങൾക്കും ഏലത്തോട്ടത്തിൽ ഒരു നല്ല സ്ഥാനംലഭിച്ചു. "ഭവാനലൻ എവിടയൊ, അവിടെ അനിലനും" എന്ന തത്വനസമാധാനഭഞ്ജനത്തിന്നായി സാത്താനും ഒരുങ്ങിയിരിക്കും. എന്തിനാധികംപറയുന്നു. ഇവരുടെ സമാധാനകാലം നീണാൾനിലനിന്നില്ല. കണക്കുസംബന്ധമായ എന്തൊ ഒരു പിശകുമൂത്തു്, കശപിശയിൽ അവസാനിച്ചു. അന്നുമുതൽ ഇരുകക്ഷികളുടെയും പരസ്പര വിശ്വാസത്തിനും സൗഹാർദ്ദത്തിനും, തെല്ലു് കോട്ടംതട്ടുകയും അവരുടെ അന്തരംഗഗൃഹവരങ്ങളിൽ കത്തിക്കാളികൊണ്ടിരുന്ന വൈരാഗ്യം "ബോംബിന്റെ ബഹിർഗമനാവസരം" പ്രതീക്ഷിച്ചുകൊണ്ടുവത്തിക്കയും ചെയ്തിരുന്നു. ഒരവസരത്തിൽ, ഏലിയാമ്മയുടെ സോദരൻ പാപ്പച്ചൻ, പെങ്ങളെകൊണ്ടുവരുന്നതിനു് സ്യാലന്റെ ഭവനത്തിൽച്ചെന്നപ്പോൾ, തന്റെ ഓമനസഹോദരി മുഷിഞ്ഞവസ്ത്രധാരിണിയായും, പാചകവൃത്തിയിൽ നിമഗ്നയായും തത്രപ്പെട്ടുനടക്കുന്നതു് കാണുവാൻസംഗതിവന്നു. "മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ" എന്നമട്ടിൽ, അതു് അയാളുടെ ഹൃദയത്തെ വല്ലാതെകുത്തിത്തുളച്ചു. അതീവം, താണുകേണു് അപേക്ഷിച്ചതിന്റെഫലമായി, സഹോദരിയെ വിട്ടുകിട്ടി. "ഇനി, രണ്ടായാലും, അതിവേഗത്തിൽ, വിട്ടുകയില്ല" എന്നു് ജയഭേരിമുഴക്കിക്കൊണ്ടു്, വീട്ടിൽച്ചെന്നു്, വൃത്താന്തങ്ങളെല്ലാം, മാതാപിതാക്കന്മാരെധരിപ്പിച്ചുപ്പോൾ,ഒരു നല്ല "പൂരപ്പാട്ടു് നാടകം" തന്നെ അഭിനയിക്കപ്പെട്ടു.

ഏലിയാമ്മ ഭർത്തൃഗൃഹം വിട്ടിട്ടു് കൊല്ലം മൂന്നു് ആയിരിക്കുന്നു. പലതവണയും, ആളുവന്നിട്ടു് പെണ്ണിനെ വിട്ടില്ലെന്നമാത്രമല്ല ശകാരാമ്പുകളും എയ്തു് ആഗതരെ തോല്പിച്ചയയ്ക്കയാണു് പതിവു്. ഒന്നിനെരട്ടികമ്പികൊടുവാൻ നാരദന്മാരും രംഗപ്രവേശനംചെയ്തു. കിംബഹുനാസമസ്തകായുങ്ങളും തലകീഴായി, ഇരുവരും ബദ്ധവിരോധത്തിലായി. ജാമാതാവു് ശത്രുതനെ പ്രതിയായി ബ. വികാരിയച്ചന്റെ പക്കൽ ഒരു ഭീമഹർജി കൊടുത്തു. അവിടംകൊണ്ടു് നിവൃത്തി ലഭ്യമാകാഞ്ഞതിനാൽ, മെത്രാൻകച്ചേരിയിൽ സങ്കടം ബോധിപ്പിച്ചു. അവിടത്തെ തീരുമാനത്തിന്നു് വിധേയനാകാതെ ശഠിച്ചു് നിന്നതിനാൽ, ഏലത്തോട്ടംകുടുംബം ഒന്നടങ്കം പള്ളിക്കുറഠത്തിൽ നിപതിച്ചു. കത്തിക്കാളുന്ന തീയിൽ എണ്ണകണക്കു് പ്രസ്തുത കല്പന ഔസേപ്പച്ചന്റെ കോപാഗ്നിയെ ദ്വിഗുണീഭവിപ്പിച്ചതേയുള്ളു. "മതം മാറീട്ടെങ്കിലും, പെണ്ണിനെ അയയ്ക്കാതെ കഴിക്കണം." എന്നുള്ള ദിക്കായി. മെത്രാനെയും, വികാരിയച്ചനേയും, ബന്ധുക്കാരെയും എന്നല്ലാ ഒന്നുപറയാത്തവരെ ഒക്കെയും, പറഞ്ഞു് ചീത്തപൂലമ്പിയും,

സമയം തള്ളിവിട്ടുകതൊഴിലായി. ഈ തരുണത്തിൽ ഏലിയാമ്മയെ സംഗീതം പരിശീലിപ്പിച്ചാൽ കൊള്ളാമെന്നുള്ള ഒരു വ്യാമോഹം പിതാവിൽ കടന്നുകൂടി. തദർത്ഥം അടുത്തുള്ള ഒരു പള്ളിക്കൂടം ഭാഗവതരെ വീട്ടിൽ താമസിപ്പിച്ചു പോന്നു. അധികകാലവിളംബമെന്യേ ഏലിയാമ്മയ്ക്ക് സംഗീതത്തിൽ നല്ല പരിജ്ഞാനം കരഗതമായി. എന്നാൽ ഇതോടുകൂടിത്തന്നെ ഗുരുവും ശിഷ്യയും തമ്മിലുള്ള അനുരാഗം മൂത്തുമൂത്ത് ക്രമശഃ ഏലിയാമ്മയിൽ ഗർഭചിഹ്നങ്ങളും പ്രത്യക്ഷങ്ങളായി. ഏലിയാമ്മയുടെ സംഗീതധോരണിയിൽ ആനന്ദതുന്ദിലനായി ഭവിച്ച യൗസപ്പച്ചൻ ഇപ്പോൾ മ്ലാനമുഖനായിത്തീർന്നു. ഔസേപ്പച്ചൻ ഇങ്ങിനെ ഇതികർത്തവ്യതാമൂഢനായി ഉന്മേഷരഹിതനായി, ചിന്താനിമഗ്നനായി, കാലം കഴിച്ചു വരവെ, ശുഭമുഹൂർത്തത്തിൽ ഏലിയാമ്മ ഒരു ആൺകുട്ടിയെ പ്രസവിച്ചു. എല്ലാ മാതാപിതാക്കന്മാർക്കും അത്യാഹ്ലാദജനകമായിരിക്കേണ്ട ഒരു ദിനം, കഥാപുരുഷനു് ഒരു വലിയ ദുഃഖദിവസം.! ദുരഭിമാനത്താലും, ചിലകുബുദ്ധികളുടെ പ്രേരണയാലും, ഔസേപ്പച്ചൻ ആ പിഞ്ചുകുഞ്ഞിനെ—തങ്കക്കുടത്തെ—നിർദ്ദയം യമപുരിയിലേയ്ക്കു തള്ളിവിട്ട് ഒരു ഹേറോദേസിനെപ്പോലെ കൃതകൃത്യനായി. പ്രസ്തുത, ദുരന്തവൃത്താന്തം കണ്ണാകണ്ണികം നാടെങ്ങും പരന്നു. ഔസേപ്പച്ചനെ കൂട്ടിൽ പാടിക്കുവാൻ ബന്ധുകരുണരായിരുവർ ഉത്തരക്ഷണം ഇതും പോലീസധികൃതരെ അറിയിച്ചു. വയറു പിഴപ്പാൻ മാർഗ്ഗമില്ലാതെ നല്ലനേരം നോക്കിയിരുന്ന ഇക്കൂട്ടർ ഒരുദ്ദണ്ഡൻ പ്രഭാതത്തിൽ ഏലത്തോട്ടാങ്കണത്തിൽ വന്നുചേർന്നു. ആലിലപോലെ വിറകൊള്ളുന്ന ഔസേപ്പച്ചനെ പിടിച്ചു് ചെവിയടപ്പൻ, ചങ്കടപ്പൻ, നക്ഷത്രംനോക്കി ആദിയായവ മുറക്കു് സേവിപ്പിച്ചിട്ട് കൃതാത്ഥരാകാതെ ഓരോരുത്തരേയും യഥാക്രമം പിടികൂടി ഈ വിധം പ്രയോഗങ്ങളും വഴിയേചെയ്തു.

നേരു തെളിഞ്ഞു: കൊലപാതകക്കുറ്റം മുമ്പത്തി, ഔസേപ്പച്ചന്റെ കൈയ്ക്കു് വിലങ്ങുംവച്ചു. പോലീസധികാരികളാലും, ഒട്ടധികം ജനങ്ങളാലും പരിസേവിതനായി, സ്റ്റേഷനിലേയ്ക്കു് കഥാനായകൻ ആനീതനായി, അവിടെ എത്തിയിട്ടുള്ള വിവിരം ഊഹ്യം. ഏലത്തോട്ടത്തിലെതല്ലിയലയും, കരച്ചിലും, പ്രലാപവും ഏതു മമ്മഭേദകം!! കിണ്ണനും കിണ്ടിയും ഉടുപണ്ടങ്ങളും സമസ്തവും വിറ്റഴിച്ചുകിട്ടിയ പണവുംകൊണ്ടു് അധികാരികളെ പൂജിച്ചതിനാൽ പ്രഹരാദികഷായം നിത്തിവച്ചു. കേസ്, സക്കാർവാദിയായി മുറക്കു് നടന്നെന്നു വരികിലും പണംവാരിച്ചൊരിഞ്ഞതിന്റെ ഫലമായി, ദീർഘകാലാനന്തരം, ജീവപര്യന്തം, ശിക്ഷയായി ഒരു വിധിലഭിച്ചു. കുടുംബം പാപ്പരുമായി. "ദൈവഭയം ജ്ഞാനാരം

ടം" എന്നുള്ള അമൂല്യതത്വവും വൈദികാധികാരികളുടെയും, ഇതരമാന്യ സുഹൃത്തുക്കളുടെയും, ഉപദേശഫലവും ഔസേപ്പച്ചനും കൂട്ടുകാരും നല്ലവണ്ണം മനസ്സിലായി.

വാസ്തവത്തിൽ വീട്ടിലും, നാട്ടിലും, സമുദായഗാത്രത്തിലും, അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി അനാശാസ്യസംഭവങ്ങളും നാമമാത്രമതഭക്തരായി അസന്മാർഗ്ഗികളായി അധികാരാധിക്കാരികളായി, കാണപ്പെടുന്ന യുവജനങ്ങളുംഎല്ലാം നിർമ്മലവിദ്യാഭ്യാസത്തിന്റെയും കാരണവന്മാരുടെ കർത്തവ്യബോധരാഹിത്യത്തിന്റെയും, ദുരന്തഫലങ്ങളുമത്രെ. അതിനാൽ എടവകകളിലേ വേദോപദേശശാലകളും സമാജസംഘടനകളേയും · ഉള്ളഴിഞ്ഞു സ്നേഹിച്ചും, സഹകരിച്ചും, കൊണ്ടുപോരുന്നതിനും, എല്ലാവരും ഒത്തൊരുമിച്ചു് പ്രയത്നിക്കട്ടെ!

കോൺവെർഷൻ ലീഗ്.

ഇക്കഴിഞ്ഞ ഒക്ടോബർ 29-ാം തീയതി ആലുവാസെമ്മിനാരിയിൽവച്ചു് സേലം മെത്രാനച്ചൻതിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ "കോൺവേർഷൻ ലിഗി"ന്റെ പതിന്നാലാമത്തെ വാർഷികയോഗം നടത്തിയിരിക്കുന്നു. ലീഗുവകയായി പ്രസിദ്ധപ്പെടുത്തിവരുന്ന ലഘുകൃതികളുടെ 3000 കോപ്പിവീതവും "കത്തോലിക്കകുടുംബം" എന്ന പ്രസിദ്ധീകരണത്തിന്റെ 9800 കോപ്പിവീതവും പ്രതിമാസം ചെലവുള്ളതായി ലീഗിന്റെ റിപ്പോർട്ടിൽ പ്രസ്താവിച്ചുകാണുന്നു. ഇക്കഴിഞ്ഞകൊല്ലത്തിൽതന്നെ ലീഗുവകയായി പുസ്തകങ്ങളുടെയും ലഘുലേഖകളുടെയും 35,000 കോപ്പികൾ അച്ചടിച്ചിട്ടുണ്ടു്. യോഗത്തിൽ വീട്ടുവേലിക്കുന്നേൽ ബ. ജോസഫ് ശെമ്മാച്ചനവർകൾ "പ്രേഷിതവൃത്തിയിൽ കത്തോലിക്കസ്ത്രീകൾക്കും സ്ത്രീകൾക്കുള്ള സ്ഥാനം" എന്ന പ്രമേയത്തെ അധികരിച്ചു ഒരു പ്രസംഗവും "ബൈബിൾമാത്രം" എന്ന ഒരു പ്രഹസനവും "സന്മാർഗ്ഗവിദ്യാഭ്യാസ"ത്തെ ക്രോഡീകരിച്ചു ഒരു വാദപ്രതിവാദവും നടത്തുകയുമുണ്ടായി. അയ്യായിരത്തിൽപരം രൂപാവിലവരുന്ന പ്രസിദ്ധീകരണങ്ങൾ ഇനിയും ലീഗുവകയായി ചെലവാകാതെ ഇരിപ്പുണ്ടെന്നുള്ളതു് കത്തോലിക്കരുടെ മതബോധത്തേയും ഔദാര്യത്തേയും കുട്ടുതലായി അർഹിക്കുന്നുണ്ടു്. കത്തോലിക്ക സാഹിത്യത്തേയും വേദപ്രചരണത്തേയും ഒരുപോലെ പോഷിപ്പിച്ചുപോരുന്ന ഈ അത്യുത്തമമായ പ്രസ്ഥാനത്തിനു് ഞങ്ങൾ സർവവിജയങ്ങൾ ആശംസിച്ചുകൊള്ളുന്നു.

ഉപകാരസ്മരണകം.

വിശുദ്ധ യൌസേപ്പുപിതാവിന്റെയും വി. കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ. രൂ. 1.
റവ. ഫാദർ തോമസ് മൂശാരിപറമ്പിൽ.

പരിശുദ്ധ വ്യാകുലമാതാവിന്റെയും വി. റീത്താപുണ്യവതിയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ. രൂ. 1.
റോസക്കുട്ടി.

ജപ്പാപ്പസ്തോലനൃം.

1 ഫൻസ് ഡിസംബർമാസത്തെ പൊതുനിയോഗം.

കത്തോലിക്കാപ്രവർത്തനത്തിൽ സമ്മിളിതരാകേണ്ട യുവാക്കൾക്കുവേണ്ടി

'ദൈവം ഓരോരുത്തർക്കും തന്റെ അയൽക്കാരനെക്കുറിച്ചു കല്പന നൽകിയിരിക്കുന്നു' എന്ന വേദവാക്യമാണു് കത്തോലിക്കാപ്രവർത്തനത്തിന്റെ അടിസ്ഥാനതത്വം. സർവലോകത്തിന്റേയും യഥാർത്ഥനവീകരണത്തിനായി ഇഹത്തിൽ രണ്ടായിരം വർഷംമുമ്പു കൊളുത്തിവച്ച ആ പ്രകാശത്തെ അജ്ഞാനതിമിരത്തിൽ തപ്പിത്തടയുന്നവർക്കു കാണിച്ചുകൊടുക്കേണ്ട കർത്തവ്യം വൈദികർക്കു മാത്രമല്ല, അത്മനികൾക്കുകൂടിയുണ്ടു്. ഇപ്രകാരം തങ്ങളുടെ നായകന്മാരായ വൈദികരോടുകൂടി ആത്മരക്ഷാകൃത്യത്തിൽ അത്മനികൾ ഭാഗഭാക്കാകേണ്ടതിന്റെ അത്യാവശ്യത്തെ യഥാവിധി ഗ്രഹിച്ചാണു് നമ്മുടെ ഇപ്പോഴത്തെ പരിശുദ്ധപിതാവു കത്തോലിക്കാപ്രവർത്തനത്തിൽ അനന്യസാധാരണമായ ഔൽസുക്യം പ്രദർശിപ്പിക്കുന്നതു്.

സഭയുടെ ഉന്നമനത്തിനു് ഇതു അനപേക്ഷണീയമായ ഇതിന്റെ സ്വഭാവം ശരിയായി മനസ്സിലാക്കുന്നതു് ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനു വളരെ സഹായിക്കും. അപ്പസ്തോലിക്കാധിപതികളോടുകൂടി, നമ്മുടെ മാതാവായ കത്തോലിക്കാസ്സഭയുടെ അവകാശങ്ങളിലും ആവശ്യങ്ങളിലും അത്മനികൾകൂടി ഭാഗഭാക്കുകളാകുകയും പ്രവർത്തിക്കുകയുംചെയ്യുന്നതിനാണു് കത്തോലിക്കപ്രവർത്തനമെന്നുപറയുന്നതു്. ഈ നിർവചനത്തിൽനിന്നു സ്പഷ്ടമാവുന്നതുപോലെ കത്തോലിക്കപ്രവർത്തനത്തിന്റെ വ്യാപാരരംഗം ഭൗതികമല്ല, പ്രത്യുത കത്തോലിക്കാസ്സഭയുടെ ഉന്നമനം മാത്രമാകുന്നു. നമ്മുടെ ദിവ്യരക്ഷകൻ ഉപദേശിച്ച സനാതനതത്വങ്ങൾ പ്രചരിപ്പിക്കുകയത്രെ ഇതിന്റെ ഉദ്ദേശം.

ആകയാൽ ഇതൊരു രാഷ്ട്രീയസ്ഥാപനമല്ലെന്നു് പലതവണ വ്യക്തമാക്കിയിട്ടും പലരും ഇതിനെ രാഷ്ട്രീയമെന്നു് ദുർവ്യാഖ്യാനിക്കുന്നുണ്ടു്. നമ്മുടെ വന്ദ്യ ഭലഗാദ് അപ്പസ്തോലിക്കാ 1932 ൽ ബാംഗ്ളൂരിലേ കോൺഗ്രസിൽവെച്ചു പറഞ്ഞതുപോലെ "കത്തോലിക്കാപ്രവർത്തനം ഇടവകകളിലെ സംഘങ്ങളിൽ ഉദ്ഭവിച്ചു, തത്തൽപ്രദേശാധ്യക്ഷന്മാർക്കു് അധീനമായിരിക്കുന്ന പ്രവർത്തകക്കമ്മറ്റികളോടുകൂടിയ ഒരു ദേശീയസംഘടനയായി ഭവിക്കേണ്ടിയിരിക്കുന്നു."

"ഈശോ അവനെനോക്കി സ്നേഹിച്ചു" എന്നു് സുവിശേഷത്തിൽ ഒരു യുവാവിനെപ്പറ്റി പറയുന്നതുപോലെ കത്തോലിക്കാസ്സഭാധ്യക്ഷന്മാരും കത്തോ

ലിക്കാപ്രവർത്തനത്തിന്റെ പുരോഗമനത്തിനായി പ്രധാനമായി ആശ്രയിക്കുന്നതു യുവാക്കളെയാണു.” ഇവർ തങ്ങളുടെ നായകന്മാരായ മെത്രാന്മാരുടേയും മറ്റു വൈദികരുടേയും നേതൃത്വത്തിലും ദൈവമഹത്വത്തെമാത്രം ലാക്കാക്കിയും വ്യാപരിക്കേണ്ടിയിരിക്കുന്നു. ഏതൊരുപ്രസ്ഥാനത്തിന്റെയും ഉൽക്കർഷം അതിന്റെ അംഗങ്ങളുടെ ജീവിതശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. “നിങ്ങൾ ദൈവിളിതന്മാരെപ്പോലെ നിർമ്മലരും ദിവ്യകാരുണ്യഭക്തരും അപ്പസ്തോലന്മാരേപ്പോലെ തീക്ഷ്ണതയുള്ളവരുമായിരിക്കണമെന്നു” ഒരു യുവതീസംഘത്തോടുള്ള പിരിശുദ്ധപിതാവിന്റെ ഉദ്ബോധനം യുവജനങ്ങളുടെ ദൃഷ്ടിയെ ആകർഷിക്കേണ്ടതാണു. അവിടുന്നു തുടർന്നുപറയുന്നതുപോലെ “ഇപ്രകാരം പ്രയത്നിച്ചെങ്കിൽമാത്രമേ കത്തോലിക്കാപ്രവർത്തനത്തിന്റെ കാര്യപരിപാടി യഥാവിധി നിർവഹിക്കപ്പെടുകയും അതു് ദിവ്യഹൃദയത്തിന്റേയും പരിശുദ്ധ ജനനിയുടേയും ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുകയും നമ്മുടേയും നമ്മുടെ വേലക്കളുടേയുംമേൽ ദൈവാശീർവാദംവർഷിക്കുന്നതിനു് ഹേതുവാകുകയും ചെയ്യുകയുള്ളൂ.”

ഇസ്സന്ദർഭത്തിൽ യുവാക്കളെ കത്തോലിക്കാപ്രവർത്തനത്തിൽ സംഘടിപ്പിക്കേണ്ടവരായ വൈദികരുടേയും ചുമതലയെക്കുറിച്ചും നാം പരിഗണിക്കേണ്ടിയിരിക്കുന്നു. ഇവരേപ്പറ്റിയും ഇവരുടെ കർത്തവ്യത്തെക്കുറിച്ചും പരിശുദ്ധപിതാവു് ഇപ്രകാരം ഭംഗിയായി വിവരിക്കുന്നു: “വൈദികസഹായികളുടെ ധർമ്മം, ചെറിയതോബിയാസിന്റെ സ്വർഗ്ഗീയപാലകനായ റഫായേൽ അതിദൂതനോടുതുല്യമാണു. ഈ ദൂതനേപ്പോലെ ഇവരും, തങ്ങളെ അനുഗമിക്കുകയും സശ്രദ്ധം നിരീക്ഷിക്കുകയുംചെയ്യുന്ന യുവാക്കളുടെ സ്വഭാവശുദ്ധിവർദ്ധനത്തിനും വിദ്യാഭ്യസനത്തിനുമായി അവരെ സ്വീകരിക്കുകയും, സത്യത്തിന്റെ ഇരിപ്പിടമായ വി. പത്രോസിന്റെ സിംഹാസനത്തിൽനിന്നും നിർഗ്ഗമിക്കുന്ന വെളിച്ചവും നിർദ്ദേശവും അനുസരിച്ചു് നടത്തുകയും ചെയ്യുന്നു.” ഇതിൽനിന്നും കത്തോലിക്കാപ്രവർത്തനത്തിൽ വൈദികർക്കുള്ള സ്ഥാനത്തിന്റെ ഉൽകൃഷ്ടതയും ഏർപ്പെട്ട വെളിവാകുന്നുണ്ടു്.

2 മിഷൻ നിയോഗം.

മലേഷ്യാ എന്നദ്വീപസമൂഹത്തിലെ നിവാസികളുടെ മാനസാന്തരത്തിനു്.

3 ആലപ്പുഴ, അതിരമ്പുഴ, വെളിച്ചിയാനി, പായിപ്പാട്ട്, മുത്തോലി മഠം, തുരുത്തി സെൻറ് തോമസ്സ്സ്ക്കൂൾ, ലീജിയൻ ഓഫ് മേരി സെൻറ് ബിക്കുമാൻസ് ബോർഡിംങ്ങ്സ് എന്നീ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലുംനിന്ന സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ചു:—

സുകൃതഭണ്ഡാരം		പ്രത്യേകനിയോഗങ്ങൾ	
1 ദൈവസ്നേഹപ്രകരണം	690822	1 ഇടവകകൾ	334
2 കൊന്തനമസ്കാരം	9702	2 മുഴുവൻധ്യാനം	871
3 സ്ലീവാംപ്രാർ	1073	3 ദൈവവിളി	612
4 ശ്ലൂ. കൂ. ഉൾക്കൊള്ളൽ	2149	4 പള്ളിക്കൂടങ്ങൾ	713
5 അരുപിക്കുടുത്ത "	26915	5 വിദ്യാർത്ഥികൾ	830
6 ആത്മശോധന	2786	6 പരീക്ഷാവിജയം	835
7 വേലചെയ്യുന്നാഴിക	18308	7 കുടുംബങ്ങൾ	200
8 മൗനംആനുഷ്ഠിച്ചമണിക്കൂർ	2894	8 മാതാപിതാക്കന്മാർ	701
9 ജ്ഞാനവായന	2201	9 യുവജനങ്ങൾ	233
10 കുർബാനചൊല്ലിച്ചതു്	4	10 മക്കൾ	903
11 കുർബാനകണ്ടതു്	46569	11 സഖ്യപ്രോത്സാഹികൾ	978
12 ആശയടക്കങ്ങൾ	95452	12 പതിതരുടെമാനസാന്തരം	1556
13 പ്രായശ്ചിത്തങ്ങൾ	4082	13 അജ്ഞാനികളുടെ "	2471
14 ആത്മീയമനോ: പ്രവൃത്തി	18431	14 ദുഷ്കൃത്തൊലിക്കരുടെ "	1354
15 ശരീരമനോ: പ്രവൃത്തി	5443	15 മദ്യപാനികളുടെ "	738
16 വിവിധജപങ്ങൾ	63586	16 ശത്രുക്കളുടെരമ്യം	589
17 നല്ലവണ്ണംകഴിച്ചുല്ലാസം	2658	17 മരിച്ചവിശ്വാസികൾ	2987
18 ദു:ഖാരിഷ്ടതകൾസഹിച്ചതു്	4577	18 ഭാഗ്യമരണം	1322
19 പ്രത്യേകഭർഗ്ഗുണവിജയം	2124	19 ഉദ്യോഗം	471
20 വി. കൂ. വിസിത്ത	7420	20 പണസഹായം	201
21 മറ്റുപുണ്യപ്രവൃത്തികൾ	69510	21 പ്രത്യേകമനോഗുണങ്ങൾ	128

Let Catholic Scouts know:—


Catholics are not in the least dismayed by being called "narrow-minded and begoted," but quite definitely they cannot take part in any religious services but those of their Church..... Catholic Scouting has the approval of the highest authorities of the Church, but unless Catholics from their own troops under qualified Catholic leaders, with their own services and church parades you have only Catholic Scouting in name—not the real thing.

(The Examiner.)

റഷ്യയും സർവരാജ്യസഖ്യത്തിൽ!!

ഏഴു ഭരണകൂടങ്ങൾ.

പത്തു കമ്മട്ടികൾ.



"ഒരു മൃഗം കടലിൽനിന്നുകയറിവരുന്നതു ഞാൻ കണ്ടു...." (വെളി. 13. 1

റഷ്യയെ സർവരാജ്യസഖ്യത്തിൽ ചേക്കുന്നതിനേസംബന്ധിച്ച് വോട്ടുചെയ്തപ്പോൾ പത്തുരാജ്യക്കാർ എതിരായി അവരുടെ വിസമ്മതം രേഖപ്പെടുത്തുകയുണ്ടായി. ഇതിൽനിന്നും റഷ്യയ്ക്ക് സർവരാജ്യസഖ്യത്തിൽ കിട്ടിയ സ്ഥീകരണം ഒട്ടും ഹാർദ്ദമായിട്ടുള്ളതല്ലായിരുന്നു എന്നു സ്പഷ്ടമാകുന്നു. മനുഷ്യവർഗ്ഗത്തിന്റെ വിരോധികളായ ഇല്ലുട്ടർ പരിഷ്കൃതാശയരുടെ സഖ്യത്തിൽ എപ്രകാരം കഴിഞ്ഞുകൂടിപ്പോകുമെന്നു കണ്ടുതന്നെ അറിയണം. ഇവരെ മാനവും മര്യാദയും പഠിപ്പിക്കുന്നതിനു ഈ പുതിയ ബന്ധുത്വം സല്ലുമെങ്കിലും സഹായിക്കുമെന്നു ന്യായമായി സമാശ്വസിക്കാം. എന്നാൽ ഇൻഡ്യാ, ചൈന, ആഫ്രിക്കാ മുതലായ രാജ്യങ്ങളിൽ വിപ്ലവബീജം ഇനിയും കൂടുതലായി പരത്തുകയും ലോകമെങ്ങും അരാജകത്വവും നിരീശ്വരത്വവും സ്ഥാപിക്കുകയുംചെയ്യുന്നതിനുള്ള റഷ്യയുടെ ഉദ്ദേശ്യം ക്രമപ്രവൃദ്ധമായിരിക്കുന്നു. ഏതൽക്കാര്യനിർവഹണത്തിനായി അവർ ഉടനെതന്നെ ഒരു കോൺഗ്രസ്സു കൂടുവാൻപോകുന്നതായും കേൾക്കുന്നു.



പുത്തൻപള്ളി പൊന്തൂവൽക്ക പാടി വാഴ്ത്തിയ മുകളിൽ സ്വർഗ്ഗാരോപിതയായ മാതാവിന്റെ രൂപം, മുൻഭാഗത്തു കാണുന്നു. ഇടതുവശത്തു കാണുന്ന കുരിശുപള്ളിയുടെ മുൻഭാഗവും കാണാം.

(25-6-'34.)

കുറിപ്പുകൾ.

പട്ടാഭിഷേകസുദിനം

ചങ്ങനാശേരി രൂപതയുടെ നിതാന്തവന്ദ്യദിവൃശ്രേഷ്ഠമാർ യാക്കോബുമെത്രാനച്ചൻ തിരുമനസ്സിലെ പട്ടാഭിഷേകസുദിനം ഡിസംബർ 21-ാംനു-സമാഗതമാകുന്നു. 1927 ഡിസംബർ 21-ാംനു- തിരുമനസ്സുകൊണ്ടു മേലദ്ധ്യക്ഷസ്ഥാനത്തിൽ അഭിഷിക്തനാകയാൽ പ്രസ്തുതമഹൽകർമ്മം കഴിഞ്ഞിട്ട അനേകം ഏഴുവർഷം സമ്പൂർണ്ണമാകുന്നതാണു്. തിരുമനസ്സിലെ പൈതൃകവും വാത്സല്യപൂർവ്വകവുമായ ലാളനയിൽ ദൈനംദിനം ജീവസന്ധാരണം ചെയ്യുവരുന്ന "മദ്ധ്യസ്ഥൻ" ഈ സുദിനത്തിൽ അവിടത്തേക്കു സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

ക്രിസ്തുമസ്സുമംഗളം

ഭൂമുഖത്തുള്ള സർവ്വജാതികൾക്കും ഏറ്റവും ആഹ്ലാദപ്രദമായ മ്ശിഹായുടെ മനുഷ്യാവതാരസുദിനം ഇതാ ആസന്നമായിരിക്കുന്നു. മനുഷ്യപുത്രൻ തന്റെ തിരുഅവതാരംമൂലം ഈലോകത്തിൽ കൊളുത്തിയ രക്ഷാകരദീപത്തിന്റെ പ്രകാശത്താൽ ലോകം അതിന്റെ അന്ധകാരത്തെ മാഞ്ജനം ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ കരുണാപൂർണ്ണമായ ഈ അത്യത്ഭുതം മനുഷ്യവർഗ്ഗത്തിൻ സംഭാവ്യമായതിൽ വലിയ ആഹ്ലാദത്തെ പ്രദാനം ചെയ്യുന്നു. അതിനാൽ ഈ അനുപമമായ ക്രിസ്തുമസ്സ്മംഗളത്തെ മദ്ധ്യസ്ഥന്റെഎല്ലാ ബന്ധുക്കൾക്കുഞങ്ങളും ഹാർദ്ദമായി ആശംസിച്ചുകൊള്ളട്ടെ.

നവവൈദികർ

മംഗലപ്പുഴ, കാണ്ടി മുതലായ വൈദികസിമ്മനാരികളിൽനിന്നു് പുരോഹിതപ്പട്ടമേറ്റ് ഇക്കൊല്ലവും നമ്മുടെ കർത്താവിന്റെ മന്ദിരിത്തോട്ടത്തിലേക്കു ഏതാനും നവവൈദികർ പ്രവേശിക്കുന്നുണ്ടു്. വേദപ്രചാരണവും ആത്മാക്കളുടെ രക്ഷയുമാകുന്ന ഈതോട്ടത്തിലെ വേലയിൽ പ്രവേശിക്കുന്ന ഇവർക്കു ഞങ്ങളും ഹൃദയപൂർവ്വകമായ സ്വാഗതവും ഭാവിമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

അനുമതിലഭിച്ചു.

ഈ രൂപതവകയായി പീരുമേട്ടിൽ ഒരു പള്ളിവയ്ക്കുന്നതിനു് ഗവർമ്മെന്റനുവാദം സിദ്ധിച്ചിരിക്കുന്നു.

പാലാസെൻട്റൽ ബാങ്ക്:—

പശ്ചിമതീരപ്രദേശങ്ങളിലെ ചിലപ്രധാനപ്പെട്ട പട്ടണങ്ങളിൽ എട്ടുശാഖാബാങ്കുകൾ ഏർപ്പെടുത്തിയിട്ടുള്ള പാലാസെൻട്റൽ ബാങ്കിന്റെ ഒരു പുതിയ ശാഖ ഇപ്പോൾ മദ്രാസിലും സ്ഥാപിച്ചിരിക്കുന്നു. ഉയന്നിലയിലുള്ള ഒട്ടധികം മാന്യന്മാരുടെ സാന്നിധ്യത്തിൽ മദ്രാസ് ഗവർമ്മേണ്ടിന്റെ ഹോം മെംബറായ റാവു ബഹദൂർ ഏ. റവി. പന്നീർ സെൽവത്താലാണ് ഈ മദ്രാസു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടതു്. ഒരു കൂത്താലിക്കു സ്ഥാപനം എന്നു തന്നെ പറയപ്പെടാവുന്ന ഈ സെൻട്റൽ ബാങ്കിന്റെ അഭിവൃദ്ധിയിൽ ഞങ്ങൾ അതിവസന്തുഷ്ടരായിരിക്കുന്നു.

കൊല്ലം രൂപതയിൽ ഈ വർഷത്തിൽ 9617 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു് കത്തോലിക്കാ സഭയിൽ ചേന്നിട്ടുണ്ടു്. ഈ സംഖ്യ ആ രൂപതയിൽ മിഷൻ വേല ചെയ്യുന്ന ഒരു വൈദികനു് തൊണ്ണൂറുപേരുടെ മാനസാന്തരം വീതംവെക്കാം. ഒരു വർഷത്തിൽ ഇത്രയും പേർ മാനസാന്തരം സ്വീകരിച്ചിട്ടുള്ള മറ്റൊരു രൂപത ഇൻഡ്യയിൽ ഇല്ലെന്നും അറിയുന്നു.

സർവ്വേന്ത്യാകത്തോലിക്കാകോൺഗ്രസ്:- ഇതിന്റെ മൂന്നാമതു സമ്മേളനം ഈ ഡിസംബർ മാസം 27, 28. 29 ഈ തിയതികളിൽ പൂനായിൽ വച്ചുകൂടുന്നതാണു്.

ഇൻഡ്യയിലെ സാമ്രാജ്യനിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാത്ഥികൾക്കു് അസാധാരണമായവിജയം സിദ്ധിച്ചിരിക്കുന്നു

പഴയ നിയമം

"പഞ്ചഗ്രന്ഥി"

അഥവാ

'സൃഷ്ടി', 'പുറപ്പാടു്', 'ആവർത്തനം', 'സംഖ്യ', 'നിയമാവർത്തനം'

എന്ന മൂശയുടെ അഞ്ചു പുസ്തകങ്ങളും കൂടിയതു്

1-ാംതരം രൂ 2. ണ. 4. 2-ാതരം രൂ. 1 ണ. 12

St. Joseph's Press, Mannanam.

അർജന്റീനായിലെ 12000000 ജനങ്ങളിൽ 10000000 കത്തോലിക്കരാണ് ഇവിടെ ഇപ്പോൾ പുതിയതായി പത്തുരൂപതകൾ കൂടെ സ്ഥാപിച്ചിരിക്കുന്നു.

ഫ്രാൻസിലെ പ്രസിഡണ്ടും ഒരു നാസ്തികനുമായിരുന്ന പോയിൻകാർ ഒരു കത്തോലിക്കനായി മരണം പ്രാപിച്ചിരിക്കുന്നു.

കത്തോലിക്കാർത്ഥം.

I. SOLUTIO CASUS CONSCIENTIAE No. 3

Quaeritur. Quid de modo agendi utriusque confessarii.

Resp. Uterque confessarius erravit ubi nihil interrogavit de re omnium praecipua vid: de consensu dato vel negato turpibus cogitationibus. Omnino de hac re interrogandus erat paenitens, qui si affirmaverit se consensisse prudenterquoque inquirendum fuerit quoties consenserit. Ita paenitens rudus utiliter docetur per cogitationes peccari posse, licet desideria non reducantur ad actum: plures enim putant se non peccasse dummodo actum externum non ponerent. His interrogationibus expletis poterat inquirere de speciebus moralibus prudenter secundum conditionem paenitentis. Hic vicarius ultra limitem progressus esse et alius sacerdos infra haesisse videtur. Prudenter poterat inquirere "Desideria erant de personis alterius sexus'et 'num recordareris aliquid determinatum opus turpe quod facere desiderasti.?'

SOLUTIO CASUS CONSCIENTIAE No. 7

Quae: Quid dicendum de actione Sebastiani Parochi

Resp: Non recte egit Sebastianus Parochus in Casu.

Ratio. Potestas a votis dispensandi, secluso speciali privilegio vel legitima consuetudine non competit nisi solis praelatis, qui habent jurisdictionem in foro externo. Hanc jurisdictionem non habet parochus; neque in hac re adest speciale privilegium vel legitima consuetudo ipsi favens. 'Parochus seu sacerdos proprius' dicit S Alphonsus "non habet potestatem ordinariam ad dispensandum vel commutandum vota, quia dispensatio haec est actus jurisdictionis ecclesiasticae distinctae a jurisdictione sacramenti paenitentiae; sed in parocho et similibus non est talis jurisdictio; nullo enim jure illis conceditur, nec ex natura rei vel consuetudine colligi potest. Parochus non potest in legibus dispensare; quod si in aliqua posset ex speciali consuetudine ad alias leges extendenda non est, nedum ad vota".

II. EDUCATION.

The Managers of the English Schools are required to send to the Diocesan Director, before the middle of December, the following:-

1. The Question papers of the first quarterly Examination in Religious Instruction.
2. The mark list of the same for all classes.
3. The strength and attendance of the Religious Instruction classes.

They are hereby informed that the Scholarship Examination in 1935, for the School Final class will cover the portions prescribed for Form V as well.

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ

ചങ്ങനാശ്ശേരി.

1. **തിരുരക്തവണക്കം**

ഗ്രന്ഥകർത്താ: ഫാദർ മാത്യു ആലക്കളം

വില ചക്രം 8.

2. Little Office of the Immaculate Conception
(for the use of Sodalists.)

വില ചക്രം 2.

3. **സൊഡാലിറ്റി ഡിപ്ലോമാ**

മലയാളത്തിലും; ഇംഗ്ലിഷിലും. I-ന് വില ചക്രം 1.

4. **ജപമാലസ്തോത്രസഖ്യം**

"സാക്ഷിപത്രവും" "സുകൃതഭണ്ഡാരമാതൃകയും" 100-ക്ക്

വില അണ 2.

5. **ക്രിസ്തീയവേദോപദേശസംക്ഷേപം** വില അണ 2.

(ക്രൂശുതൽഎടുക്കുന്നവർക്ക കമ്മീഷനും)

6. **"ക്രിസ്തുമതപ്രവേശനം"**

ഗ്രന്ഥകർത്താ: ക. ടി. മൂ സ. ഫാദർ എമ്മാനുവേൽ

വില ചക്രം 2.

ചിട്ടി അറിയിപ്പ്.

ചങ്ങനാശ്ശേരിരൂപത തലയാഴംനിന്നും 104 ൽ 170-ാം നമ്പരായി രജിസ്റ്റർചെയ്തു നടത്തിവരുന്ന ലേലച്ചിട്ടിയുടെ ഒമ്പതാമതുയോഗം ഫ്രഫ്രാധനു വ-ാം തീയ്യതി 1935 ജനുവരി 4-ാംതീ- വെള്ളിയാഴ്ച പകൽ ഒമ്പതുമണിക്ക് സൊസൈറ്റി ബങ്കുമാൻസുകോളേജ്ജീവകകെട്ടിടത്തിൽവച്ച് നടത്തുന്നതാകകൊണ്ട് ചിറ്റാളന്മാർ ചേർന്നിട്ടുള്ള നമ്പരുകൾക്ക താഴെ ചേർത്തിട്ടുള്ളകണക്കനുസരിച്ച് അടയ്ക്കുവാനുള്ളസംഖ്യ അന്നേദിവസം ലേലത്തിനുമുമ്പായി എത്തിച്ചുതന്നു രസീതു വാങ്ങിക്കൊള്ളേണ്ടതും 1110 ഇടവം 20-ാം തീ-യിലെ 10-ാമതു ചിട്ടിനമ്പരുകൾ അന്നേദിവസം മുമ്പേറായി ലേലംചെയ്യുന്നതും 9-ാമതു ചിട്ടിക്കു പണം അടയ്ക്കുന്നവർക്ക പത്താമതുചിട്ടിലേലത്തിൽ ചേരുവാൻ അവകാശമില്ലാത്തതുമാകുന്നു.

വീതപ്പലിശനിക്കി രൊക്കംവയ്ക്കേണ്ടും സംഖ്യവിവരം.

	രൂ. ണ. പ.		രൂ. ണ. പ.
A. നമ്പർ 1ക്ക	167—15 — 1	B. നമ്പർ 1ക്ക	320— 0— 0
C. നമ്പർ 1ക്ക	82—12—11	D. നമ്പർ 1ക്ക	39—12— 0
E. നമ്പർ 1ക്ക	22— 4— 2		

ചങ്ങനാശ്ശേരി
5—4—1110

ചിട്ടിമാനേജർ; മമ്പലത്തു തൊമ്മികോശി ക.

Reg. No. T. 21

പഞ്ചാംഗം

1934 ഡിസംബർ 1110 വൃശ്ചികം-ധനു.

അമലോത്ഭവമാതാവിന്റെ മാസം.

1	16	ശ		പ
2	17	ഞാ ✠	ആഗമനം ഏ-ാം ഞാ.	കാ 1 ക. ദേ
3	18	തി	മെ. ഫ്രാൻസിസ്കോസ് സ്സേവ്യർ	ബു
4	19	ചൊ	ക. വേ. ബർബ്ബരാ	ച
5	20	ബു	അമ്പാ സാബാ	വെ
6	21	വ്യാ	അ. മെ. നിക്കോളാസ്	വെ
7	22	വെ	അ. മെ. മല്പൻ അമ്പ്രോസീസ്	വെ

ആദ്യവെള്ളി

8	23	ശ ✠	എ. ഭാ. ക. മറിയത്തിന്റെ അമലോത്ഭവം	വെ
9	24	ഞാ ✠	ആഗ. ഉ-ാം ഞാ.	ഹ. 2 മെ. റോ
10	25	തി	എ. ഭാ. ക. മറിയത്തിന്റെ ഭവനമാറ്റം	വെ
11	26	ചൊ	പാ. മെ. ഡമേസൂസ്	വെ
12	27	ബു	ക. വേ. ഖിബ്രിയാനാ (ഇര. ര.)	ച
13	28	വ്യാ	ക. വേ. ലൂസ്യാ	ച
14	29	വെ		റോ
15	30	ശ		റോ
16	1	ഞാ ✠	ആഗ. ന-ാം ഞാ.	ക. 3 ഹ. റോ
17	2	തി		റോ

ഇന്ന മ. ക. പി. തിരുനാൾനൊവേന തുടങ്ങുന്നു.

18	3	ചൊ	മാർ തോമ്മാശ്ലീ. മൈലാപ്പൂർ പ്രത്യ.	പ
19	4	ബു	ചതുഷ്കാലം (പട്ടം)	റോ
20	5	വ്യാ	മാർ തോമ്മാശ്ലീ. തലേനാൾ	റോ
21	6	വെ	മാർ തോമ്മാശ്ലീഹാ	ച
			ചതുഷ്കാലം (പട്ടം)	റോ
22	7	ശ	ചതുഷ്കാലം (പട്ടം)	റോ
23	8	ഞാ ✠	ആഗ. ര-ാം ഞാ.	ഹ. 4 ക. റോ
24	9	തി	ന. ക. പ'റവി തലേനാൾ (ഉ. നേ.)	റോ
25	10	ചൊ ✠	ന. ക. പിറവി	വെ
26	11	ബു	(†) വേ. എസ്തപ്പനോസ്	ച
27	12	വ്യാ	(†) ശ്ലീ. യോഹന്നാൻ	വെ
28	13	വെ	(†) കുഞ്ഞിപ്പൈതങ്ങൾ	റോ
29	14	ശ	അ. വേ. തോമ്മാ	ച
30	15	ഞാ ✠	പിറവി ഇട ഞാ.	ഹ. 5 ഹ. വെ
31	16	തി	പാ. മെ. സിൽവെസ്ത്രോസ്	വെ

Printed & Published by Rev. Fr. Mathew Alakalam at the St. Joseph's Orphanage Press, Changanacherry.